Monthly Price Rs. 4/- 2012

# ബൈബിൾ ട്രൂത്ത്



ദൈവത്തിന്റെ വചനം

## THE BIBLE TRUTH

**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3**

| | | | | |
|---|---|---|---|---|
| വിശ്വാസ പ്രമാണം ആവശ്യമാണ് 'എങ്കിൽ'... | മനുഷ്യർക്ക് അധികാരം ഉണ്ട് 'എങ്കിൽ'... | ഏതെങ്കിലും പേർ മതി 'എങ്കിൽ'... | രക്ഷ സഭയ്ക്കു പുറത്ത് ഉണ്ട് 'എങ്കിൽ'... | നിങ്ങൾ രക്ഷ മാറ്റി വെക്കുന്നു 'എങ്കിൽ'... |
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ 3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ 11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ 2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

// THE BIBLE TRUTH

Editor
P.K. VARGHESE
000
**Published by Church of Christ**
പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 27 April 2012 No.1

# എഡിറ്റോറിയൽ

അൽപവിശ്വാസം, അൽപജ്ഞാനം ഉപകരിക്കുകയില്ലെന്ന് മാത്ര മല്ല, അത് ദോഷമാണ് എന്നുകൂടെ നാം തിരിച്ചറിയണം. ജ്ഞാനം എല്ലാവർക്കും ആവശ്യമാണ്. യഹോവഭക്തിയാണ് ജ്ഞാനത്തിന്റെ ആരംഭം. ആ തത്വമാണ് ആളുകളെ വിദ്യാധനം സർവ്വധനാൽ പ്രധാനം എന്ന് പറയിപ്പിക്കുന്നത്. അറിവും, ജ്ഞാനവും, പരിജ്ഞാ നവുമുണ്ട്. ലോകപ്രകാരം പലതും നാം കണ്ടും കേട്ടും പഠിക്കു ന്നു. പാരമ്പര്യമായ അറിവും ആനുകാലികമായ അറിവുമുണ്ട്. ലോകത്ത് ജീവിക്കുമ്പോൾ നമുക്ക് ലോകപ്രകാരമുള്ള അറിവ് വേണം. എന്നാൽ ഏതൊരു വിഷയത്തെ കുറിച്ചും നാം ശരിയായി അറിഞ്ഞിരിക്കുന്നതാണ് ഉത്തമം. അൽപം മാത്രം അറിഞ്ഞ് അതാണ് മുഴുവൻ സത്യവുമെന്ന് ധരിച്ച് പ്രതികരിക്കുകയോ പ്രവർത്തിക്കു കയോ ചെയ്യരുത്. മുറിവൈദ്യൻ ആളെ കൊല്ലും എന്ന് പണ്ടുള്ള വർ പറഞ്ഞ് കേട്ടിട്ടുള്ളത് വാസ്തവമാണ്. ലോകപ്രകാരമുള്ള കാര്യ ങ്ങളെ വിലയിരുത്തുന്നതിനു മുൻപ് അനുഭവസ്ഥരായ ആളുകളോട് ആലോചിക്കുന്നത് ഗുണം ചെയ്യും

ഭൗതികമായ അറിവ് ശരിയല്ലെങ്കിൽ കുഴപ്പം ചെയ്യുന്നതിനേക്കാൾ അപകടകരമാണ് ആത്മിയമായ അൽപജ്ഞാനം. അൽപന് ഐശ്വ ര്യം ലഭിച്ചാൽ അവൻ അർത്ഥരാത്രിയും കുടപിടിക്കും എന്ന് അനു ഭവസ്ഥർ പറയുന്നുണ്ട്. അതിന്റെ കാരണം അവർക്ക് ശരിയായ വിവേചനാശക്തി നഷ്ടമാകുന്നു. അതുകൊണ്ട് എപ്പോൾ എന്തു

ചെയ്യണം എന്നു വിലയിരുത്തുവാൻ കഴിയാതെ പോകുന്നു. ആത്മിയമായ അറിവ് അഥവാ പരിജ്ഞാനം എല്ലാ മനുഷ്യർക്കും ആവശ്യമാണ്. അത് ഭൗതികമായ നിലനിൽപിന് ആഹാരം ആവശ്യമാണെന്ന പോലെ പ്രാധാന്യമുള്ളതാണ്. യഥാർത്ഥ ജ്ഞാനത്തിൽ അധിഷ്ഠിതമായിരിക്കണം നമ്മുടെ ഭക്തി. ദൈവത്തിന്റെ അരുളപ്പാടുകളാണ് മനുഷ്യരെ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും ജീവിക്കുവാൻ സഹായിക്കുന്നത്. നമ്മുടെ ഭക്തി ആത്മാർത്ഥമായിരിക്കണമെങ്കിൽ നമ്മുടെ ഹൃദയത്തിൽനിന്നു വരണം. മാനുഷിക നിലവാരത്തിലുള്ളതായിരിക്കരുത് ദൈവഭക്തി. ദൈവം ആത്മാവാണ് അവനെ ഭൗതികമായ കാഴ്ച്ചപ്പാടിൽ കാണരുത്.

പരിജ്ഞാനമില്ലാതെ എന്റെ ജനം നശിച്ചുപോകുന്നു എന്നാണ് ദൈവം പറഞ്ഞിരിക്കുന്നത്. അതിനാൽ നാം പരിജ്ഞാനമുള്ളവരാകണം. പരിജ്ഞാനം ദൈവവചനമാണ്. പക്ഷെ അതിന്റെ പൊരുൾതിരിച്ച് യഥാർത്ഥ സത്യം നാം അറിയണം. കാരണം പിശാച് മനുഷ്യരെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. ശരിയായ സത്യം കാണാതിരിക്കേണ്ടതിന് അവൻ നമ്മുടെ കണ്ണുകളെ കുരുടാക്കി വെച്ചിരിക്കുകയാണ്. നിഷ്പ്പക്ഷമായ പഠനം കൊണ്ടു മാത്രമെ നമുക്ക് കാര്യങ്ങൾ വ്യക്തമാകുകയുള്ളു. ബൈബിളിനെ ആളുകൾ വിവിധ രീതികളിൽ വ്യാഖ്യാനിച്ച് ആളുകളെ കലക്കിയിട്ടിരിക്കുകയാണ്. അക്കാരണത്താൽ വ്യക്തിപരമായ ശോധന എന്ന ഉത്തരവാദിത്വം നാം നിർവ്വഹിക്കണം.

ദൈവത്തിലും അവന്റെ കൽപനകളിലും മാത്രം വിശ്വസിക്കണം. ആ വിശ്വാസം നമ്മുടെ ഹൃദയത്തിൽനിന്നു വരണം. മറ്റുള്ളവരുടെ നിർബ്ബന്ധം കൊണ്ടാകരുത് എന്നർത്ഥം. പിന്നീട് എല്ലാ തിന്മയേയും നാം വിട്ടുകളഞ്ഞ്, എല്ലാ നിയമലംഘനവും നാം ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് തിരിയണം. അതിനുശേഷം നാം ചെയ്ത കുറ്റങ്ങൾ നമ്മിൽനിന്നു നീങ്ങിപ്പോകേണ്ടത് ആവശ്യമാണ്. അതിന് കർത്താവിന്റെ കൽപനയായ പാപമോചനത്തിനുള്ള സ്നാനം നാം ഏൽക്കണം. അപ്പോൾ അവൻ നമ്മെ ശുദ്ധീകരിക്കും. കർത്താവ് അങ്ങനെയുള്ളവരെ രക്ഷിച്ച് തന്റെ സഭയോട് ചേർക്കും.

✶

# കർത്താവിനെ എങ്ങനെ ഓർമ്മിക്കണം.

## J.C. ചോട്ട്

ആഘോഷങ്ങളാലും ആഡംബരങ്ങളാലും നിറയപ്പെട്ട കാലയളവാണ് ഇപ്പോഴുള്ളതു എന്നു പറഞ്ഞാൽ അതു അധികപ്പറ്റാവുകയില്ല. പല രീതിയിലും സ്വഭാവത്തിലും ക്രിസ്തുവിന്റെ ജനനത്തെ ഈ വർഷവും ആഘോഷിച്ചു കഴിഞ്ഞിരിക്കയാണല്ലോ. ചില പള്ളികളിൽ നാമമാത്രമായ ആരാധനകൾ നടത്തും. എന്നാൽ സന്ദർശനത്തിനും സമ്മാന ദാനങ്ങൾക്കും വിഭവങ്ങൾ നിറഞ്ഞ ഭക്ഷണ പദാർത്ഥങ്ങൾക്കും ആണ് ഊന്നൽ കൊടുക്കുന്നതു. തോരണങ്ങൾ, അലങ്കാരങ്ങൾ ദീപങ്ങൾ, ക്രിസ്മസ് ട്രീ തുടങ്ങിയവ ഉണ്ടാക്കി വെക്കുന്നതും ഈ ആഘോഷത്തിൽ ഉൾപ്പെടുന്നുണ്ട്. ഇതെല്ലാം കാണുമ്പോഴും കേൾക്കുമ്പോഴും എത്രമാത്രം അതിനു പ്രസക്തിയുണ്ട് എന്ന് ചിന്തിക്കാറുണ്ടോ? മറ്റു മതവിഭാഗങ്ങൾക്കു അവരുടേതായ ഉത്സവങ്ങൾ ഉണ്ട്. അപ്പോൾ നമുക്ക് നമ്മുടേതായ ഉത്സവം ഇല്ലെങ്കിൽ മോശമല്ലേ? ദേശീയമായി അന്നേദിവസം അവധികൂടെ ആയതുകൊണ്ട് ഔദ്യോഗികമായി അത് അംഗീകരിക്കപ്പെട്ടിരിക്കയാണെന്നു പറയാം. പ്രാദേശിക സമൂഹത്തിൽ നാം അറിയപ്പെടണം എന്നു കൂടെ ഇതിൽ ഉണ്ടോ എന്നു സംശയം ജനിപ്പിക്കുന്നു.

ഇതെല്ലാം ബൈബിളിൽ എവിടെയെങ്കിലും ഉണ്ടോ എന്നു ചോദിച്ചാൽ അതിനു മറുപടി പെട്ടെന്നായിരിക്കും. " പക്ഷേ യേശു ജനിച്ചില്ലേ"? ലോകം മുഴുവൻ അംഗീകരിച്ചിരിക്കുന്ന ആ വസ്തുത വാസ്തവം തന്നെയാണ്. എന്നാൽ ഇതിൽ എന്താണിത്ര അരസികത്വം എന്നു നിങ്ങൾ വിസ്മയിച്ചേക്കാം. യേശുവിന്റെ ജന്മ ദിവസം ബൈബിളിൽ ഒരു സ്ഥലത്തും രേഖപ്പെടുത്തിയിട്ടില്ല എന്നതു പറയുമ്പോൾ അതിന്റെ ഉദ്ദേശം നാം മറക്കരുതു. തിരുവചനത്തിൽ അപ്പോസ്തലന്മാരോ ആദിമ സഭയോ യേശുവിന്റെ ജനനത്തെ ആഘോഷിച്ചിരുന്നില്ല. പിന്നെ എവിടെ നിന്നാണ് ഈ പരിശീലനം വന്നത് ? മനുഷ്യരാൽ ആരംഭിക്കപ്പെട്ടതും, കർത്താവിനെ ആദരിക്കുവാനാണെങ്കിലും അവന്റെ അംഗീകാരമില്ലാതെ നടത്തപ്പെടുന്നതും ആണ്.

കർത്താവിനെ അത്തരത്തിൽ അറിയപ്പെടണം എന്നു അവൻ ഇച്ഛിച്ചിരുന്നെങ്കിൽ തീർച്ചയായും കർത്താവിന്റെ ജന്മദിവസം കൃത്യമായി വെളിപ്പെടുത്തുമായിരുന്നു എന്നു നിങ്ങൾക്കു ചിന്തിക്കാൻ കഴിയുന്നില്ലേ? അതു വെളിപ്പെടുത്താതിരുന്നതിനാൽ ആ ദിവസത്തിന്റെ പേരിൽ അവനെ ആദരിക്കുവാൻ ആഗ്രഹിച്ചിരുന്നില്ല എന്നു സ്പഷ്ടമല്ലേ? വെളിപ്പെടുത്താതിരുന്നിട്ടും മനുഷ്യർ ഒരു ദിവസം അതിനായി വേർപെടുത്തി എടുത്തു ക്രിസ്തുവിന്റെ ജന്മ ദിവസമായി ആഘോഷിക്കുന്നു. ഇങ്ങനെ ചെയ്യുമ്പോൾ അവർ അറിയാതെയും അറിഞ്ഞും കർത്താവിന്റെ അസന്തുഷ്ടി പിടിച്ചു പറ്റുന്നു.

ക്രിസ്തുവിനെ ഓർമ്മിക്കുവാൻ ലോകത്തിനു കിട്ടുന്ന മറ്റൊരവസരമാണ് ഇത്. അതുകൊണ്ട് അതു എങ്ങനെ തെറ്റാകും എന്നാണ് അവർ ഇതിനു ന്യായീകരണം കണ്ടെത്തുന്നതു. അതു നല്ലതും താത്വികവുമായി മനുഷ്യരെ സമ്മതിപ്പിക്കാം. പക്ഷെ ഇവിടെ കർത്താവിന്റെ ഹിതം പൂർണ്ണമായി പിൻതള്ളപ്പെട്ടിരിക്കയാണ്. നാം പോദിക്കേണ്ടചോദ്യം, കർത്താവിനെ എങ്ങനെ ഓർമ്മിക്കുവാനാണ് അവൻ ആഗ്രഹിക്കുന്നത്? ഈ കാര്യത്തിൽ കർത്താവ് എന്തെങ്കിലും പറയേണ്ടതല്ലേ? അവന്റെ അധികാരമാണ് നിലവിലുള്ളതെങ്കിൽ, ആ അധികാരത്തിനാണ് ഇന്നു വിലയുള്ളതെങ്കിൽ ആ കാര്യത്തെ ഗൗരവമായി നാം കണക്കിലെടുക്കണം.

വചനത്തിൽ കർത്താവിന്റെ ജനന ദിവസത്തിനല്ല ഊന്നൽ കൊടുത്തിരിക്കുന്നതു എന്നതാണ് വസ്തുത. കോടാനുകോടി ജനങ്ങൾ അധിവസിക്കുന്ന ഭൂമിയിൽ എല്ലാവരും ഗ്രഹിക്കേണ്ട വസ്തുത, മുഖ്യമായി പ്രതിപാദിച്ചിരിക്കുന്നതു കർത്താവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാണ്. അവ ക്രിസ്ത്യാനികൾ ഓർമ്മിക്കുവാനും ആഹ്വാനം ചെയ്തിട്ടുണ്ട്. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലാണ് അതു അനുവർത്തിക്കേണ്ടതു (പ്രവൃത്തി 20:7). നുറുക്കപ്പെട്ട ശരീരത്തിന്റെ ഓർമ്മക്കായിട്ടാണ് പുളിപ്പില്ലാത്ത അപ്പം അവർ ഭക്ഷിക്കുന്നതു. ക്രൂശിൽ തൂങ്ങുമ്പോഴും അതിനു മുമ്പും കർത്താവ് സഹിച്ച വേദനയും പീഢയും നമുക്കു വേണ്ടിയായിരുന്നു എന്നു നാം സ്മരിക്കണം. അതോടൊപ്പം അവർ മുന്തിരി വള്ളിയുടെ അനുഭവത്തിൽ നിന്നും കുടിക്കുന്നുമുണ്ട്. അതു കർത്താവിന്റെ രക്തത്തെ ആണ് ഓർമ്മിപ്പിക്കുന്നതു. മനുഷ്യരെ തങ്ങളുടെ പാപങ്ങളിൽ നിന്നു

വിടുവിച്ച് രക്ഷിക്കുന്നതിനു നിത്യ ജീവന്റെ പ്രത്യാശ പ്രദാനം ചെയ്യുന്നതിനും വേണ്ടിയായിരുന്നു കർത്താവ് രക്തം ചിന്തിയതു (മത്തായി 26:26–28; 1കൊരിന്ത്യർ 11:23–29).

എന്നാൽ ക്രിസ്തുവിന്റെ ജനനം ചുരുങ്ങിയത് വർഷത്തിൽ ഒരിക്കലെങ്കിലും ആഘോഷിച്ചുകൂടെ? കർത്താവ് അനുവദിക്കയാണെങ്കിൽ, പുതിയ നിയമത്തിൽ അപ്പൊസ്തലന്മാരുടേയും പ്രാരംഭ ക്രൈസ്തവരുടേയും മാതൃകയിൽ അതു കാണുന്നുണ്ടെങ്കിൽ നമുക്ക് ആകാം. ഇല്ലെങ്കിൽ പിന്നെ അതിനെ കുറിച്ച് എന്തിനു ചിന്തിക്കണം? അങ്ങനെ ശാഠ്യത്തോടെ നാം ഇതെല്ലാം ചെയ്യുമ്പോൾ ഉത്ഭവിക്കുന്ന വ്യത്യാസം നിങ്ങൾ അറിയാതിരിക്കരുത്. നമ്മുടെ സ്വന്തം ഇഷ്ടമനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നതും കർത്താവിന്റെ ഇഷ്ടപ്രകാരം ചെയ്യുന്നതും വളരെ വ്യത്യാസം ജനിപ്പിക്കുന്നു. ദൈവത്തെ മാനിക്കേണ്ട നാം ദൈവഹിതം തിരിച്ചറിയണം. മനുഷ്യന്റെ ചിന്തയും ദൈവത്തിന്റെ ചിന്തയും വേറെയാണ്. സ്വന്ത വഴി വിട്ട് ദൈവത്തിന്റെ വഴിയിൽ സഞ്ചരിക്കുക. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അതു ക്രിസ്തുവിന്റെ അധികാരത്തിൽ ചെയ്യുക.

തന്റെ കാലത്ത് ജീവിച്ചിരുന്ന ആളുകൾ ചെയ്തു വന്ന ചില തെറ്റായ നയങ്ങളെ പൗലോസ് ഖണ്ഡിക്കുന്നുണ്ട്. "നിങ്ങളോ കാലങ്ങളും സമയങ്ങളും ആചരിക്കുന്നു. ഞാൻ നിങ്ങൾക്കു വേണ്ടി അദ്ധ്വാനിച്ചതു വെറുതെയായി പോയി എന്നു ഞാൻ ഭയപ്പെടുന്നു" എന്നാണ് അപ്പോസ്തലൻ എഴുതിയിരിക്കുന്നതു (ഗലാത്യർ 4:10,11). ഈ കാലത്തു ക്രിസ്തുവിന്റെ ജനന ദിവസം കൊണ്ടാടുന്നതു പോലെ അന്നത്തെ ആളുകൾ പല പരിശീലനങ്ങളും ആചാരമായി എടുത്തിരുന്നു. നിഷ്പ്രയോജനമാണ് അത്തരം പ്രവൃത്തികൾ എന്നു പറയുന്നതിനു പകരം, അപ്പോസ്തലൻ അവർക്കു വേണ്ടി വേല ചെയ്തതു വെറുതെയായി എന്നു പോലും പറഞ്ഞിരിക്കയാണ്. അപ്പോൾ ഇത്തരം ദുരാചാരങ്ങൾ ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്ന ദൂഷ്യഫലം വ്യക്തമായി കാണുമല്ലൊ. അതുകൊണ്ട് ഇതു പോലെയുള്ള ആഘോഷങ്ങളിൽ ചാരിതാർത്ഥ്യം അടയുന്നവർ സൂക്ഷിച്ചില്ലെങ്കിൽ വിനയായി മാറും.

ക്രിസ്തുമസ് ആഘോഷങ്ങളിൽ ഞങ്ങൾ ക്രിസ്തുവിരോധിക

ളാണെന്നും ക്രിസ്ത്യാനിത്വത്തിനെതിരായി പ്രവർത്തിക്കുന്നവരാണെന്നും നിരൂപിക്കയും പറകയും ചെയ്യുന്നവരോടു ഞങ്ങൾക്കു സഹതാപമേയുള്ളു. പാരമ്പര്യത്തെയോ മനുഷ്യരുടെ ചിന്താഗതികളെയോ ദൈവിക പ്രവൃത്തിയിൽ നാം വലിച്ചിഴക്കരുത്. ഞങ്ങൾ ക്രിസ്തുവിനെ സ്നേഹിക്കുന്നവരും വിശ്വസിക്കുന്നവരും ആണ്. ആകയാൽ ആരാധനക്കും പരിശീലനത്തിനും ക്രിസ്തുവിന്റെ കല്പനകളേയും നിർദ്ദേശങ്ങളേയും മാനിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതും. നിങ്ങൾ ബഹു ഭൂരിപക്ഷത്തെ അനുസരിക്കുന്നു. ആകയാൽ വെറും പാര്യമ്പര്യമായ ഈ ആചാരങ്ങളെ അനുഷ്ഠിച്ചു വരുന്നു. ബൈബിളിൽ നിന്നും നിങ്ങൾക്കു അതു ശരിയാണെന്നു സമർത്ഥിക്കാവുന്നതല്ല. നിങ്ങളുടെ ജീവിതം ക്രിസ്തുവിനെ ആശ്രയിച്ചുള്ളതാകയാൽ മാനസാന്തരപ്പെട്ട് ദൈവേഷ്ടത്തിലേക്കു തിരിഞ്ഞു വരിക.

മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കുന്നതിനായി എതിർക്കുന്നു എന്നു വിചാരിക്കരുത്. അത്തരം ആചാരങ്ങൾ നിർത്തുവാൻ ഞങ്ങൾ നിർബ്ബന്ധിക്കയെല്ല ചെയ്യുന്നത്. ചരിത്രപരമായ ഒരു പഠനം നിങ്ങൾ ഈ കാര്യത്തിൽ നടത്തിയാൽ ഈ ആചാര വ്യവസ്ഥകൾ എവിടെ നിന്നു വന്നു എന്നും അതു എന്തു പുറപ്പെടുവിക്കുന്നു എന്നും ആദ്യം മനസിലാക്കാം. പിന്നീട് വചനത്തിന്റെ കാഴ്ച്ചപ്പാടിൽ അതിന് അടിസ്ഥാനപരമായ അധികാരമുണ്ടോ എന്നും കർത്താവിനെ ഓർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു എങ്ങനെ എന്നും ഗ്രഹിക്കുക. അപ്രകാരം ഒരു തിരിച്ചറിവ് നിങ്ങളിൽ ഉണ്ടാകുമ്പോൾ ഒരു വീണ്ടു വിചാരം നിങ്ങൾക്ക് ഉണ്ടാകും. ക്രിസ്തുവിനെ നിങ്ങൾ അനാദരിക്കുവാനല്ല ഞങ്ങൾ ഉത്ബോധിപ്പിക്കുന്നതു; വാസ്തവമായി ആദരിക്കുവാനാണ്. ഈ സമീപനം നിങ്ങളുടെ മനസിനെ മാറ്റിയില്ലെങ്കിൽ മറ്റൊന്നും മാറ്റുവാനായിട്ടില്ല. എന്നാൽ തുടർന്നും നിങ്ങൾ ആലോചിക്കേണ്ട കാര്യം, കർത്താവിനെ നിങ്ങൾ എങ്ങനെ സ്മരിക്കേണം എന്നാണ് കർത്താവ് ഇച്ഛിക്കുന്നത്? നിങ്ങൾ ഏതു വിധം അവനെ ഓർമ്മിക്കുവാൻ ആഗ്രഹിക്കുന്നു എന്നല്ല ചിന്തിക്കേണ്ടതു. ഇതു രണ്ടും വളരെ വ്യത്യാസം ഉള്ളതാണ്.

★

# സ്നേഹം പാപങ്ങളെ മറെക്കുന്നു

## P.D. ടെയിലർ

പത്രൊസ് തന്റെ ലേഖനത്തിൽ സ്നേഹിതന്റെ ദിവ്യഗുണത്തെ എടുത്തു കാണിക്കുന്നുണ്ട്. എല്ലാ സ്വഭാവങ്ങളിലും ശ്രേഷ്ഠമായ ഈ സ്നേഹം നമ്മിൽ ഉണ്ടെങ്കിൽ അനേക പാപങ്ങളെ നമുക്കു മറെക്കുവാൻ സാധിക്കും. ഇതിനർത്ഥം കുറെ നാളത്തേക്കു മൂടി വെച്ചിട്ട് പിന്നീട് അവസരം വരുമ്പോൾ പുറത്തെടുക്കുക എന്നല്ല. പാപങ്ങളുടെ ബാഹുല്യത്തെ മറെക്കുക എന്നതിൽ ദൈവം എന്താണ് അർത്ഥമാക്കുന്നത്? അനുസരണം കൂടാതെ തന്നെ നമ്മുടെ പാപങ്ങൾ ദൈവം ക്ഷമിക്കുമെന്നു അതിനർത്ഥമുണ്ടോ? ഇല്ല. ദൈവം ആരുടെയും മുഖം നോക്കുന്നവനല്ല (പ്രവൃത്തി 10: 35). അവൻ ലോകത്തെ മുഴുവൻ സ്നേഹിക്കുന്നുണ്ട്. എന്നിരുന്നാലും അധികം ആളുകളും നഷ്ടപ്പെട്ടവരായിരിക്കും. എന്നു കർത്താവ് മുന്നറിയിച്ചിട്ടുണ്ട്. സുവിശേഷം അനുസരിക്കാനോ മനസു വെക്കില്ല എന്നതാണ് (മത്തായി 7: 13,14, 21-23).

മനുഷ്യർക്കു തന്നിട്ടുള്ള കല്പനകൾ മൊത്തത്തിൽ വെളിപ്പെടുത്തുന്നതു, അനുസരണം ഒഴിച്ചു മാറ്റാൻ പറ്റുകയില്ല എന്നാണ്. ഇനി സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കും എന്നതു ദൈവവും മനുഷ്യരുമായുള്ള ബന്ധത്തിലല്ല പറഞ്ഞിരിക്കുന്നതു, മനുഷ്യരും മനുഷ്യരും തമ്മിലുള്ള പെരുമാറ്റത്തെ ആസ്പദമാക്കിയാണ് പറഞ്ഞിരിക്കുന്നതു. സഹോദരന്മാരേ, നിങ്ങൾ ആരെങ്കിലും സത്യം വിട്ടു തെറ്റിപോയാൽ, അങ്ങനെയുള്ളവനെ ഒരുവൻ യഥാസ്ഥാനപ്പെടുത്തിയാൽ അവന്റെ പാപങ്ങളുടെ ആധിക്യം രക്ഷാമാർഗ്ഗത്തിനു തടസമായി നാം കാണരുത്. ഈ സന്ദർഭത്തിൽ പാപിക്കു മാനസാന്തരവും രൂപാന്തരവും ആവശ്യമാണ്. തെറ്റായ ഉപദേശമോ തെറ്റായ ജീവിതമോ ഒരാളെ സത്യത്തിൽ നിന്നും അകറ്റിക്കളയും. ഒരാൾ അങ്ങനെയുള്ളവനെ തിരിച്ചുകൊണ്ടുവന്നാൽ അതു തീർച്ചയായും വലിയ പ്രവൃത്തി തന്നെയാണ്. യാക്കൊബ് നമ്മെ ഉത്ബോധിപ്പിക്കുന്നതും അതുതന്നെ.

സുവിശേഷം അനുസരിച്ചിട്ടില്ലാത്ത പാപിയായ ഒരാൾക്കും ആത്മാവിന്റെ രക്ഷക്കു മാനസാന്തരവും രൂപാന്തരവും അനിവാര്യമാണ്. പെന്തെകൊസ്തുനാളിൽ സഭ ആരംഭിച്ച് അധികം കഴിയുന്ന

തിനു മുമ്പ് പത്രൊസ് പറയുന്നതു. മാനസാന്തരപ്പെട്ട് തിരിഞ്ഞ് പാപങ്ങളെ കഴുകി കളയേണ്ടതിനു രൂപാന്തരപ്പെടുവിൻ എന്നാണ്. പത്രൊസ് അതിധൈര്യമായി പ്രസ്താവിച്ചിരിക്കയാണ് (പ്രവൃത്തി 3:14).അതിനു തൊട്ടുമുമ്പ് മൂവായിരം പേർ വിശ്വാസത്തോടെ മാനസാന്തരപ്പെടുകയും സ്നാനപ്പെടുകയും ചെയ്താൽ മാത്രമെ പാപമോചനവും പരിശുദ്ധാത്മാവും ലഭിക്കയുള്ള എന്ന് മനസിലായപ്പോൾ അവർ അതു അനുസരിച്ചു. ദൈവത്തിന്റെ സ്നേഹം പ്രകടമായി തീർന്നു; മുൻ കഴിഞ്ഞ പാപങ്ങൾ ദൈവം അവരിൽ കണക്കിടാതിരുന്നു. വചനം കൈക്കൊണ്ടു സ്നാനമേറ്റവർ അതീവ സന്തോഷം അനുഭവിച്ചിരുന്നതായി നാം വായിക്കുന്നുണ്ട്.

പാപം കണക്കിടാതെ നമ്മോടു ദൈവം ക്ഷമിക്കുമ്പോൾ അതെത്ര ആനന്ദകരമാണെന്ന് ഓർത്തു നോക്കുക. ഇന്നും ഇതേ രീതിയിൽ പരിവർത്തനം ചെയ്യുന്ന ഏതൊരാൾക്കും അതു ലഭിക്കും ക്രിസ്തുവിന്റെ മരണവും അടക്കവും ഉയിർപ്പും ദൈവസ്നേഹമായിരുന്നു എന്നു എടുത്തു പറയാതെ എല്ലാവർക്കും അറിയാം. പക്ഷേ, അതിനോടു ഏകീഭവിക്കുവാൻ അധിക പേർക്കും കഴിയുന്നില്ല. ജീവന്റെ പുതുക്കം പ്രാപിക്കുവാനും ക്രിസ്തുവിനോടു ചേരുവാനും വെച്ചിരിക്കുന്ന സ്നാനത്തെ ആളുകൾ ഇന്ന് അവഗണിച്ചിരിക്കയാണ്. വീണ്ടും ജനനം ദൈവത്തെ അനുസരിക്കുമ്പോൾ ഉണ്ടാകുന്ന ഒന്നാണ്. അനുസരണമില്ലാത്തവരിൽ ഈ ജനനം അകലെയാണ്. വെള്ളത്താലും ആത്മാവിനാലും ഉള്ള പുതുക്കം ആന്തരിക മനുഷ്യന്റെ ജീവന് ആധാരമായിട്ടുള്ളതാണ്. ചിലർക്കു അതിൽ ഒന്നും താല്പര്യമേ കാണുന്നില്ല. ദൈവസ്നേഹത്തെ നിരസിക്കുകയാണ് ഇവരെല്ലാം.

ദൈവവചനം കൈക്കൊണ്ടു സ്നാനമേറ്റവർക്കും അവർണ്ണനീയമായ അനുഭൂതിയാണ് അനുഭവിക്കാൻ ആയത് (പ്രവൃത്തി 2:41). അവരുടെ പാപങ്ങൾ തുടച്ചുമാറ്റിയതു ക്രിസ്തുവിന്റെ രക്തത്താലായിരുന്നു. ഇന്നും ക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലും പങ്കാളികളാകുന്ന ഏവർക്കും കിട്ടുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്.

പത്രൊസ്, 1പത്രൊസ് 4:8 ൽ മറ്റുള്ളവരുടെ തെറ്റുകളിൽ നമുക്ക് അവരോടുള്ള മനോഭാവത്തെ എടുത്തുകാണിക്കുന്നു. സദൃശവാക്യങ്ങൾ പത്താം അദ്ധ്യായം പന്ത്രണ്ടാം വാക്യത്തെ അനുസ്മരിപ്പി

ക്കുകയാണ് പത്രൊസ്. ശലോമോൻ പറഞ്ഞത്, വെറുപ്പ് വിദ്വേഷവും കൈപ്പും ജനിപ്പിക്കുന്നുവെങ്കിൽ, സ്നേഹം എല്ലാ പാപങ്ങളേയും മറെക്കുന്നു എന്നാണ് . ദയയും മനസലിവും ഉള്ളവർക്കു മാത്രമേ ക്ഷമിക്കാൻ പറ്റു. അല്ലാത്തവർക്കു ക്ഷമാശീലം കാണുകയില്ല. നാം സ്നേഹിക്കുന്നവരുടെ അപുർണ്ണതകളെ നമുക്കു കാണാൻ കഴിക യില്ല.

സഹോദരന്മാരേ നാം ഇതുപോലെ സ്നേഹിക്കുന്നവരാണോ? സഹോദര സ്നേഹം ബലഹീതകൾ ഉണ്ടായാൽ പോലും അവരെ ചുഴിഞ്ഞു നോക്കുവാനോ അവരെ പ്രചരിപ്പിക്കുവാനോ തുനിയു കയില്ല. മറ്റുള്ളവരുടെ തെറ്റുകൾ നാം കൈകാര്യം ചെയ്യേണ്ട വിധ ത്തിൽ കൈകാര്യം ചെയ്യണം. ആവശ്യ ഘട്ടം നേരിടുമ്പോൾ നമ്മുടെ സ്നേഹം പ്രവർത്തിക്കണം. യഥാർത്ഥ സ്നേഹം തെറ്റുകളെ പെരു പ്പിച്ചു കാണിക്കുകയല്ല; മറിച്ച് അതു മറ്റാരും അറിയാതെ ആ വ്യക്തി യുമായി ബന്ധപ്പെട്ട് തിരുത്തണം. കാണേണ്ടതിനു അപ്പുറം നാം ആരേയും കാണരുതു. നാം ചെയ്യുന്ന പ്രവൃത്തിക്കു കളങ്കം പറ്റാതെ സൂക്ഷിക്കണം.

### *വിയോജിപ്പുകൾ നമുക്കു ഉണ്ടാകാം.*

സഭയിൽ വിയോജിപ്പുകൾ ഒന്നുമില്ലെങ്കിൽ ആ സഭ നിർജ്ജീവ മെന്നു പറയാം. ജീവിക്കുന്ന മനുഷ്യർക്കേ ക്രിയാശേഷികാണുക യുള്ളു. പ്രവർത്തനങ്ങൾ വർദ്ധിക്കുമ്പോൾ അഭിപ്രായഭിന്നതകൾ, ആശയ വ്യത്യാസങ്ങൾ, വ്യത്യസ്തമായ ചിന്തകൾ എന്നിവ ഉടലെ ടുക്കാം. ഉദാഹരണമായി ഒരു കെട്ടിടം സഭക്കു വേണ്ടി പണിയാൻ ആരംഭിച്ചാൽ, എങ്ങനെ പണിയണം, എത്ര പണം ചെലവഴിക്കണം എന്നീ കാര്യങ്ങളെ കുറിച്ച് പലർക്കും പല രീതിയിലുള്ള ആശയ ങ്ങൾ കാണും. അതെല്ലാം ചർച്ചക്കു വരുമ്പോഴാണ് ഇതെല്ലാം ഉണ്ടാ കുന്നത്. എന്നാൽ തീരുമാനങ്ങൾ എടുക്കേണ്ടിവരുമ്പോൾ അവിടെ വിട്ടുവീഴ്ചകൾക്കു തയ്യാറായാൽ പ്രശ്നമേ ഇല്ല. സ്നേഹമില്ലെങ്കിൽ ഒത്തുതീർപ്പു പ്രയാസമാണ്. കാര്യങ്ങൾ നടപ്പിൽ വരുത്തുക എളു പ്പമല്ല. ഇത്തരം സാഹചര്യങ്ങളിൽ സ്നേഹത്തിനു വളരെയധികം പ്രാധാന്യമുണ്ട്.

രണ്ടാമത്തെ സുവിശേഷ പ്രവർത്തനയാത്രാ വേളയിൽ മർക്കോ സിനെ കൂടെ കൊണ്ടുപോകണോ എന്ന കാര്യത്തിൽ പൗലൊസും

ബർന്നബാസും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി (പ്രവൃത്തി 15:36-41). പൗലൊസ് ആ പ്രശ്നം ശീലാസും ബർന്നബാസുമായി സംസാരിച്ച് പരിഹരിച്ചതു നിമിത്തം അവരുടെ അദ്ധ്വാനം ഫലപ്രാപ്തിയിലെത്തി. പൗലൊസ് ഇതിന്റെ പേരിൽ വൈരാഗ്യം വെച്ച് മറ്റൊരു ഇടവക സ്ഥാപിക്കാൻ തയ്യാറായില്ല. പിന്നീട് പൗലൊസ് അതിനെക്കുറിച്ച് എഴുതിയത്, തിമൊഥെയോസേ നിന്നോട് കൂടെ മാർക്കൊസിനേയും കൂട്ടിക്കൊണ്ടു വരിക; അവൻ എന്റെ ശുശ്രൂഷക്കു പ്രയോജനമുള്ളവനത്രേ (2തിമൊഥെയോസ് 4:11).

സ്നേഹമുണ്ടെങ്കിൽ വിയോജിപ്പുകൾ ഇല്ലാതാകും. സ്നേഹം സ്പർദ്ദിക്കുന്നില്ല, കോപം കണക്കിടുന്നില്ല. എല്ലാം പൊറുക്കുന്നു; എല്ലാം സഹിക്കുന്നു. സമ്മതിക്കാൻ ആവാത്തതു ചിലപ്പോൾ സമ്മതിക്കേണ്ടിവരും. ദിവ്യമായ ഈ ഗുണം നമ്മെ അനേകം പാപങ്ങളിൽ നിന്നും സൂക്ഷിക്കും. പ്രതികാരദാഹികളുടെയും ശത്രുക്കളുടെയും അക്രമങ്ങളിൽ നിന്നും മോചിക്കുവാൻ ഈ സൽഗുണ മനോഭാവം അത്യാവശ്യമാണ്. എത്ര വാസ്തവമാണ് ഇതെന്നു നാം പരിശീലിച്ചു നോക്കുമ്പോഴേ അറിയു.

### *തെറ്റായ കാര്യങ്ങളെ മായ്ക്കുന്നവ*

എല്ലാ മനുഷ്യർക്കും സ്വഭാവ വ്യത്യാസവും വ്യക്തിത്വ ഭേദവും ഉണ്ട്. അവയിൽ ചിലതു നല്ലതും മറ്റു ചിലതു വളരെ നല്ലതും ആയിരിക്കും. മോശമായ സ്വഭാവവും വളരെ മോശമായ സ്വഭാവവും ഉണ്ട് എന്ന കാര്യവും സമ്മതിക്കണം. ചിലതു മറ്റുള്ളവരെ ചൊടിപ്പിക്കും; അവർ തെറ്റോ ശരിയോ എന്നതു നോക്കിയല്ല. കാര്യം മനസിലാക്കുമ്പോൾ ചിലപ്പോൾ ഒരാൾ ഏറ്റു മുട്ടലുകൾ ഒഴിവാക്കുവാൻ മാറ്റം വരുത്തും. മിക്കപ്പോഴും ചൊടിപ്പിക്കപ്പെട്ടയാൾക്കാണ് പുനഃപരിശോധനയും ചിന്തയും ആവശ്യം. ഈ തെറ്റിനെ സാരമാക്കാതെ തുടച്ചുകളയുവാൻ സ്നേഹം കാരണമായി തീരുന്നു. കൂടാതെ അതു അയാൾ മറന്നുകളയുകയും ചെയ്യും.

ഈ തത്വത്തിനു ബൈബിളിൽ ഉദാഹരണമെന്തെന്നു നോക്കാം. യേശു പന്ത്രണ്ടു അപ്പോസ്തലന്മാരെ തിരഞ്ഞെടുത്തു അവരോടൊപ്പം ആഹാരം കഴിച്ചു. സഞ്ചരിച്ചു ജീവിച്ചു. അവർക്കു ക്ഷമയുടെ ആവശ്യകതയെ അവൻ ബോധ്യപ്പെടുത്തി കൊടുക്കയും ചെയ്തു. കനാന്യനും എരിവുകാരനുമായ ശീമോനെയും ചുങ്കക്കാ

രനായ മത്തായിയെയും കർത്താവ് വിളിച്ചു ശിഷ്യരാക്കി. വ്യത്യസ്ത സ്വഭാവങ്ങൾ ഉള്ള ഇവർക്കു രണ്ടു പേർക്കും യോജിച്ചു പോകുവാൻ കഴിഞ്ഞതു സ്നേഹം കൊണ്ടായിരുന്നു.

✶

## മനസിനെ ഉപയോഗിക്കുക

**D. ജോൺ**

ഗ്രാഹ്യബുദ്ധിയില്ലാത്ത മൃഗങ്ങൾ ധാരാളമുണ്ട്. മൃഗങ്ങളേക്കാൾ വിശേഷ ബുദ്ധി മനുഷ്യർക്ക് ഉണ്ടെന്നാണ് വയ്പ്. വിവേക ശൂന്യരായ മൃഗങ്ങളേക്കാൾ തരം താഴ്ന്ന സ്വഭാവം ചില ആളുകളിൽ കണ്ടാലോ നാം മൂക്കത്തു വിരൽ വെച്ചുപോകും. ഇതിനു പ്രദേശമോ വർഗ്ഗമോ ഭേദമില്ല. സങ്കീർത്തനം 32:9 ൽ നാം വായിക്കുന്നതു, “നിങ്ങൾ ബുദ്ധിയില്ലാത്ത കുതിരയെയും കോവർ കഴുതയെയും പോലെ ആകരുതു; അവയുടെ ചമയങ്ങളായ കടിഞ്ഞാണും മുഖപ്പട്ടയും കൊണ്ടു അവയെ അടക്കി വരുന്നു; അല്ലെങ്കിൽ അവ നിനക്കു സ്വാധീനമാകയില്ല.”

*മനസിന്റെ വരം*

ശിശുക്കളെപോലെ ചിന്തിക്കരുതെന്ന് അപ്പോസ്തലനായ പൗലൊസ് തന്റെ ലേഖനത്തിൽ മുന്നറിയിച്ചിട്ടുണ്ട്. “സഹോദരന്മാരേ, ബുദ്ധിയിൽ കുഞ്ഞുങ്ങൾ ആകരുത്; തിന്മക്കു ശിശുക്കൾ ആയിരിപ്പിൻ; ബുദ്ധിയിലോ മുതിർന്നവർ ആയിരിപ്പിൻ” (1കൊരിന്ത്യർ 14:20). കുട്ടികളെപോലെ ചിന്തിക്കാതെയും മൃഗങ്ങളെപോലെ വിവേകമില്ലാത്തവരായും ഇരുന്നാൽ എന്താണ്? മനുഷ്യനു ഏറ്റവും നല്ലവരം കൊടുത്തിരിക്കുന്നതു ശരിയായി ഉപയോഗിക്കുന്നതിനാണ്. കാര്യങ്ങൾ അപഗ്രഥനം ചെയ്യുന്ന രീതിയിൽ മനസിനെ ഉപയോഗിക്കുന്നതിനാണ്. കാര്യങ്ങളെ അപഗ്രഥനം ചെയ്യുന്ന രീതിയിൽ മനസിനെ ഉപയോഗിക്കണം. അങ്ങനെ ചെയ്താൽ നാം എല്ലായ്പ്പോഴും നല്ല ഉപസംഹാരത്തിൽ എത്തുമെന്നോ മാനസികശേഷികൊണ്ട് തെറ്റുകൾ തിരുത്തി രക്ഷ പ്രാപിക്കാമെന്നോ അർത്ഥമാക്കരുതു. ദൈവത്തിന്റെ ഈ മഹത്തായ ദാനത്തിന്റെ മാഹാത്മ്യം പ്രശംസനീയമായി പലരും കാണുന്നില്ല. ബാഹ്യ പ്രേരണക്കു വിധേയമായി തങ്ങ

ളുടെ ചിന്തകളെ പണയം വെച്ചിരിക്കുന്ന അനേകം പേർ അവരുടെ താല്പര്യങ്ങളെ അടിമപ്പെടുത്തിയിരിക്കയാണ്. ബൈബിൾ പഠനത്തിന്റെ കാര്യത്തിലും മതപരമായ വിശ്വാസാചാരങ്ങളിലും ഇതു അപകടകരമായ അന്ത്യം കുറിക്കും.

*വിചാരങ്ങളെ നയിക്കയും നിയന്ത്രിക്കുകയും വേണം.*

നമുക്കു ചിന്തിക്കുവാനുള്ള മനസുള്ളപ്പോൾ നേരായി അതിനെ നയിക്കുവാൻ ചിലപ്പോൾ നമുക്കു സഹായം ആവശ്യമാണ്. ആരെങ്കിലും മൗനം അവലംബിക്കുമ്പോഴും നമ്മുടെ രസകരമായ സംസാരത്തിൽ പ്രതികരിക്കാതിരിക്കയും ചെയ്യുമ്പോൾ നാം ചോദിക്കാറില്ലേ? മനസെവിടെയാണ്? നിങ്ങൾ എന്തു ചിന്തിക്കുകയായിരുന്നു എന്നെല്ലാം. ശ്രദ്ധ ഒന്നിൽ നിന്നും മറ്റൊന്നിലേക്കു വഴുതി പോകുന്നതും സ്വാഭാവികമാണ്. "ഏയ് അങ്ങനെ ഒന്നുമില്ല" എന്ന മറുപടിയാണ് പലപ്പോഴും കിട്ടാറ്.അവരുടെ ചിന്തകൾ മാറിപോയി എന്നു സമ്മതിക്കയോ അത് എന്താണെന്ന് പറയുകയോ ചെയ്യാറില്ല. അതിനു കാരണങ്ങൾ ഉണ്ട്. മറ്റേതൊരു ദിശയിലുമെന്ന പോലെ മനസിനെ നയിക്കുന്നതിലും ദൈവം നിർദ്ദേശങ്ങൾ കൊടുക്കാതിരുന്നിട്ടില്ല. നിത്യജീവനു ആധാരമായ പരമ പ്രധാനമായ കാര്യങ്ങളെ ബൈബിളും ക്രിസ്തുവിനെ സംബന്ധിച്ച സാക്ഷ്യവും വ്യക്തമാക്കുന്നു. നമ്മുടേതായ ചിന്തകളെ ദൈവത്തിന്റേതാക്കി മാറ്റുന്നതിൽ നാം ശ്രദ്ധാലുക്കളാകണം.

നമ്മെ വിളിച്ചിരിക്കുന്നതു സ്വഃമനസിന്റെ പഠനത്തിനു വിധേയമായി ചിന്തിക്കുന്നതിനോ പ്രവർത്തിക്കുന്നതിനോ അല്ല. അതു പറയുമ്പോൾ നമ്മുടെ സ്വാതന്ത്ര്യം എടുത്തുകളയുന്നു എന്നും കണക്കാക്കരുതു. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നല്കാമെന്ന ഉടമ്പടിയോടെയല്ല ദൈവം ഓരോരുത്തരെ ക്ഷണിക്കുന്നതു. തിരുവചനത്തിലെ ശ്രേഷ്ഠമായ തത്വവും വിഷയങ്ങളും മനസിലാക്കി മനുഷ്യർ തങ്ങളുടെ ജീവിതത്തെ നയിക്കുകയാണ് വേണ്ടത്. കുറവുകളുള്ള തോന്നലുകൾ കളഞ്ഞ്, പോരായ്മകളില്ലാത്ത ആത്മാവിന്റെ വചനങ്ങൾ മനസോടു കൂടെ അനുസരിക്കുക. അപ്പോൾ അതു നമ്മെ തെറ്റുകളിൽ നിന്നും വേർതിരിച്ച് പ്രത്യേകതയുള്ളവരാക്കി തീർക്കുന്നു.

വചനം ജഡമായി തീർന്നു നമ്മുടെ ഇടയിൽ പാർത്തതു നമ്മെ

അടിമകളാക്കുന്നതിനല്ല; പിന്നെയോ നമ്മെ സ്വതന്ത്രരാക്കുന്നതിനാണ് (യോഹന്നാൻ 1:14). തെറ്റായ കാഴ്ച്ചയിലുടെ അധികം പേരും ക്രിസ്ത്യാനിത്വത്തെ കാണുന്നതു കൊണ്ട് ശരിയായ ഫലം അവർക്ക് ലഭിക്കുന്നില്ല. കർശനമായ നിയമങ്ങൾ, ഉടനെ പ്രയോജനം ലഭിക്കാത്ത അവസ്ഥകൾ എന്നെല്ലാം അവർ വിധിയെഴുതുന്നു. ആകയാൽ ക്രിയാത്മകമായ നേട്ടങ്ങളെ അവർ കാണുന്നേയില്ല.

*പരിശുദ്ധാത്മാവ് എന്ന ദാനം.*

മിക്കവാറും മനുഷ്യർക്കിടയിൽ അംഗീകരിക്കപ്പെടാത്തതും തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളതും ആയ ദാനമാണ് മനുഷ്യർക്ക് നല്കിയിട്ടുള്ള ദൈവത്തിന്റെ ആത്മാവ് എന്നു പറയാം. എല്ലാ സാഹചര്യത്തിലും ഒരു ക്രിസ്ത്യാനിയിൽ വസിച്ച്, സഹായിക്കുവാനും, നിയന്ത്രിക്കുവാനും, നയിക്കുവാനും,സ്വാധീനിക്കുന്നതിനും വേണ്ടിയാണ് നല്കുന്നത്. സ്നേഹത്തിന്റെയും സത്യത്തിന്റെയും ആത്മാവായ പരിശുദ്ധാത്മാവാണ് നമ്മുടെ മനസുകളിലേക്കും ഹൃദയങ്ങളിലേക്കും ദൈവവചനം എത്തിക്കുന്നത്. ഈ ആത്മാവിനെ അറിയാതിരിക്കയും തടുക്കുകയും ചെയ്യാൻ ചിലർ ഒരുമ്പെടും. എന്നാൽ ആത്മാവിനെ അനുസരിക്കുന്നവരിൽ ഏതൊരു സന്ദർഭത്തിലായാലും വലിയ നേട്ടങ്ങൾ ലഭിക്കും. ദൈവ ശബ്ദം കേട്ടു അതിനു കീഴ്വഴങ്ങണമെന്നു മാത്രം. ദൈവ വചനം കേൾക്കുമ്പോൾ അതു മനസിലാക്കുന്നതിനു നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കി തീർക്കുന്നതിനും നമ്മുടെ മനസുകളെ പ്രകാശിപ്പിക്കുന്നതും ദൈവാത്മാവ് തന്നെ നമുക്കു പ്രാപ്യമാകേണ്ടരീതിയിൽ നമ്മുടെ യാചന ദൈവസന്നിധിയിൽ അംഗീകരിക്കപ്പെടേണ്ടതിനു നമ്മെ സഹായിക്കുകയും ചെയ്യുന്നുണ്ട്.

***ദൈവത്തിന്റെ സഭ***

സഭ എന്നു പറഞ്ഞാൽ ഒരു ഉദ്ദേശത്തിനു വേണ്ടി വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം എന്നാണ് അർത്ഥം. അനേകം പേർ സ്വയമായി യാഗമായിതീരുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്തതും ദൈവത്തിന്റെ ദാനമായതും ആയ ഒന്നാണ് സഭ. പൊതു പ്രയോജനത്തിനായി ഒരോരുത്തൻ ചിന്തിക്കുന്നതിനും, പ്രവർത്തിക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ള ഒന്നാണ് ഇത്.

മനസിന്റെ വരങ്ങൾ എല്ലാം ദൈവത്തിന്റെ അരുളപ്പാടുകളിൽ

വെളിപ്പെടുത്തിയിരിക്കുന്ന ആത്മാവിന്റെ സഹായത്താൽ ശരിയായി ഉപയോഗിക്കുന്നതിനു സാധിക്കും. ക്രിസ്തീയ സമൂഹത്തിന്റെ പ്രത്യേകത, ഒരേ ആത്മാവ് വസിക്കുന്ന വ്യത്യസ്ത അനുഭവങ്ങൾ നിറഞ്ഞ ആളുകൾ അവരുടെ മനസുകളെ നേർവഴിക്കു ചിന്തിക്കുവാനായി ദൈവിക പഠനത്തിനു വിധേയമാക്കുന്നു. അങ്ങനെ വരങ്ങൾ എല്ലാം മറ്റുള്ളവരുടെയും ആത്മീക വളർച്ചക്കു സഹായകരമാക്കും.

*വരങ്ങളുടെ പ്രവൃത്തി*

ലഭിച്ച വരങ്ങളിൽ ചിലതിനു മറ്റുള്ളവയേക്കാൾ വില കൽപിക്കുവാൻ നാം തയ്യാറാകും. ഇതു ചിലപ്പോൾ ദാനം നല്കിയ വ്യക്തിയുടെ പ്രഭാവത്താലാകാം; അല്ലെങ്കിൽ അതിനു വേണ്ടി വന്ന ത്യാഗമെന്ന ഭാവമാകാം. പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടു നല്കുന്ന ദാനവും നമുക്കു കാണാൻ കഴിയുന്നുണ്ട്. നല്കുന്നതിനെക്കുറിച്ച് ഏറ്റവും ഉയർന്ന ദൃഷ്ടാന്തം കാണിച്ചിരിക്കുന്നത് ദൈവമാണ്. തന്റെ ഏക മകനെ ലോകത്തിന്റെ രക്ഷക്കായി നല്കി. ഈ അതുല്യമായ വരം അജ്ഞതകൊണ്ടോ മറ്റോ തരം താഴ്ത്തപ്പെടുന്ന മനോഭാവം വേദനാ ജനകം തന്നെ. ഈ വരദായകൻ നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നതു, നാം ആ സ്നേഹദാനം സ്വീകരിക്കുകയും ദിനം തോറും പരിശീലിക്കുകയും ചെയ്യുക എന്നതാണ്. രക്ഷകൻ പഠിപ്പിച്ച സ്വഭാവവും നിലവാരവും നാം പ്രവൃത്തി പഥത്തിൽ കൊണ്ടുവരുമ്പോൾ ഇതു സാദ്ധ്യമാകുന്നു. ജീവിതത്തിന്റെ എല്ലാ വശങ്ങളിലും നമുക്കു പ്രായോഗികമാക്കുവാനാണ് ദൈവം പറഞ്ഞിരിക്കുന്നതു. ഭൗതീകവും ക്രിസ്തീയവുമെന്ന രണ്ടു വ്യത്യസ്ത ജീവിതങ്ങളല്ല നമുക്കുള്ളതു; ഏക ജീവിതം മാത്രം.

ക്രിസ്ത്യാനികളോടു ഒരു വിധത്തിലും പുറത്തുള്ളവരോടു മറ്റൊരു വിധത്തിലും പെരുമാറുന്നതു അനീതിയാണ്. ഞായറാഴ്ച ആത്മീകമായും മറ്റു ദിവസങ്ങളിൽ ഭൗതീകമായും ജീവിക്കുന്ന വേർതിരിവ് ആത്മാർത്ഥരായ ആളുകൾക്കു പാടില്ല. നാം അപ്രകാരം ചെയ്താൽ ദൈവം നമ്മെ വെറുക്കും. ദൈവത്തിന്റെ ദാനങ്ങൾ കിട്ടിയിരിക്കുന്നവർ അവയെല്ലാം ദൈവേഷ്ട പ്രകാരം ഉപയോഗിക്കണം. ഇല്ലെങ്കിൽ ദൈവം അത് നമ്മിൽനിന്നും എടുത്തുകളയും.

✶

# നിയമം എന്തിന്?

ഏതൊരു രാജ്യത്തിലും നിയമങ്ങൾക്കു കുറവില്ല. സാധാരണ ജനങ്ങൾക്കും, ഉയർന്ന മേധാവികൾക്കും തരം തിരിച്ച വകുപ്പുകൾ, ഉപവകുപ്പുകൾ എന്നിവ യഥേഷ്ടം ഉണ്ട്. നിയമാധിക്യം കൊണ്ടും ജനങ്ങൾ കീഴ്പ്പെടുന്നില്ല. നിയമത്തിനു വിധേയരാകേണ്ട ആളുകൾ അതു കാര്യമായി കണക്കാക്കുന്നില്ല. നിയമത്തെ മറികടന്നു ജീവിക്കുവാനാണ് അധികം പേർക്കും താൽപര്യം. നിയമത്തിന്റെ ആവശ്യകത പിന്നെ എന്തിന് എന്ന് പലരും ചോദിച്ചു പോകും. മാർഗ്ഗമില്ലെങ്കിൽ സഞ്ചാരം എളുപ്പമാകയില്ല. നിയമമില്ലെങ്കിൽ സുഗമമായ ജീവിതം സാദ്ധ്യമല്ല. സന്തോഷവും സമാധാനവും പ്രശ്നങ്ങൾ ഉണ്ടാകാതിരുന്നാൽ മാത്രം. പ്രശ്നങ്ങൾ നേരിടുമ്പോൾ മനസിനു താളപ്പിഴ അനുഭവപ്പെടും. കാര്യശേഷി നിരാശാ ജനകമായി മാറും.

ദൈവത്തിന്റെ നിയമങ്ങളും ചട്ടങ്ങളും നാം സന്തോഷത്തോടെ ജീവിക്കുന്നതിനുവേണ്ടി രൂപപ്പെടുത്തിയതാണ്. അതു ലംഘിക്കപ്പെടുമ്പോൾ പല രീതിയിൽ നാം വിഷമസന്ധിയിലായി മാറും. ആദിമ മനുഷ്യർ തൊട്ട് ആധുനിക മനുഷ്യർ വരെ ഇതു വാസ്തവമാണ്. അനുസരണക്കേട് അനാവശ്യ പിരിമുറുക്കം ഉണ്ടാക്കി തീർക്കും. നിങ്ങളുടെ വ്യാപാരത്തിലായാലും തൊഴിൽ സ്ഥാപനത്തിലായാലും വിദ്യാലയങ്ങളിലായാലും ഇതു അക്ഷരം പ്രതി ശരിയാണ്. നിയമം അനുസരിച്ച് പോയാൽ ആരെയും ഭയപ്പെടേണ്ട. ആരുടേയും മുൻപിൽ തല കുനിക്കാതെ ധൈര്യമായി പോകാം. പക്ഷെ ചെയ്യരുതാത്തതു ചെയ്തു കഴിഞ്ഞാൽ ധൈര്യം പൊയ്പ്പോകും. ചെയ്യേണ്ടതു ചെയ്തില്ലെങ്കിലും അതുണ്ടാകും.

ദൈവത്തിന്റെ കല്പനകളും ചട്ടങ്ങളും അനുസരിച്ചവർക്കു ഭയപ്പെടേണ്ട കാര്യമില്ല (റോമർ 8:1,2). അവർക്കു നിത്യജീവൻ ലഭിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ട്. അനുസരിക്കാത്തവർക്കു നിത്യജീവൻ ലഭിക്കുകയില്ല (യോഹന്നാൻ 3:36) പുതിയ നിയമത്തിലെ ദൈവത്തിന്റെ ചട്ടങ്ങളും പ്രമാണങ്ങളും നിങ്ങൾ എങ്ങനെ കണ്ടിരിക്കുന്നു? അതനുസരിക്കുവാൻ തടസമായി നിങ്ങളുടെ ജീവിതത്തിൽ എന്താണ് ഉള്ളതു. ദൈവ നിയമത്തേക്കാൾ വലുതായി നിങ്ങൾ കാണുന്നതു മറ്റെന്തെങ്കിലുമാണോ? അതോ ദൈവത്തിന്റെ നിയമ

ത്തിൽ നിങ്ങൾക്കു വിശ്വാസമില്ലേ? വിശ്വാസമില്ലെങ്കിൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ നിങ്ങൾക്കു കഴിയുമോ?

ദൈവം ന്യായപ്രമാണം കൊടുത്ത യഹൂദന്മാർ അവരുടെ സമ്പ്രദായങ്ങൾകൊണ്ട് ദൈവത്തിന്റെ നീക്കമില്ലാത്ത നിയമത്തെ അശക്തമാക്കുവാൻ ശ്രമിച്ചിട്ടുണ്ടോ? ദൈവത്തിന്റെ അതിഭയങ്കരമായ നാൾ സമീപിക്കുന്നതുകൊണ്ട് ഭയങ്കരമായ ശിക്ഷയിൽ നിങ്ങൾ അകപ്പെടാതിരിക്കാൻ ദൈവത്തിനു കീഴ്പ്പെടുക.

✶

## ദൈവകൃപ

### Q.J. ജോയ്

ദൈവത്തെ അറിയുന്നവരും അറിയാത്തവരും ഒരു പോലെ കാര്യങ്ങൾ വിവേചിക്കുന്നില്ല എന്ന് അവരുടെ ജീവിതം തെളിയിക്കുന്നുണ്ട്. വെയിലും മഴയും മഞ്ഞും തക്ക സമയത്തു ലഭിക്കുന്നതു കൊണ്ട് കൃഷിക്കാരനു തന്റെ അദ്ധ്വാനഫലം അനുഭവിക്കാൻ കഴിയുന്നു. വ്യാപാരികൾ തങ്ങളുടെ ബുദ്ധിയെ ലാഭേച്ഛയിലേക്കു തിരിക്കുന്നതുകൊണ്ട് അവർ ലാഭമുണ്ടാക്കുന്നു എന്ന തത്വവും ഇവിടെ പറയാതിരിക്കാൻ നിർവ്വാഹമില്ല. ഈ ലോകത്തു ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊന്നിൽ എല്ലാവരും വ്യാപൃതരായിരിക്കുന്നു. ഇതിൽ നിന്നും വ്യത്യസ്തമായി ഒന്നു ചിന്തിച്ചുകൂടെ? അർഹതയുള്ളതും ഇല്ലാത്തതുമായ ഫലങ്ങളെ നമുക്ക് ഒന്ന് ആലോചിക്കാം. പ്രവൃത്തിയുടെ ഫലം കൂലിയായി കിട്ടുന്നതാണ്. അതിനു ശമ്പളം എന്നു പറയാം. എന്നാൽ വേല ചെയ്യാതെ പ്രതിഫലം പറ്റുകയെന്നതു അധികപ്പറ്റാകും. പക്ഷെ ദാനമായി ആരെങ്കിലും തന്നാൽ അതു സ്വീകരിക്കയുമാകാം.

സർവ്വശക്തനായ ദൈവം എല്ലാവരേയും സ്നേഹിക്കുന്നുണ്ട്. ആ സ്നേഹം അനുഭവിക്കാൻ പലർക്കും സാധിക്കുന്നില്ല. അനർഹമായ ഉപകാരം ദൈവത്തിൽ നിന്നും ദാനമായി തരാമെന്ന വാഗ്ദാനം പാഴാക്കുന്ന വ്യർത്ഥ മനുഷ്യർ ധാരാളമുണ്ട്. വരങ്ങൾ ഉപയോഗിക്കാതെ ഒരു മനുഷ്യനും ജഡശരീരത്തിലിരിക്കുമ്പോൾ ജീവി

ക്കാൻ പ്രയാസമാണ്! ശലോമോൻ പറഞ്ഞിരിക്കുന്നത്, "പാപം ചെയ്യാതെ നന്മ മാത്രം ചെയ്യുന്ന ഒരു നീതിമാനും ഭുമിയിൽ ഇല്ല" എന്നത്രേ (സഭാപ്രസംഗി 7:20). ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു; അവരോ അനേക സൂത്രങ്ങളെ അന്വേഷിച്ചു. തിന്മകളെ അധികരിച്ച ദുഷ്ട മനുഷ്യരെ മോചിപ്പിക്കുവാൻ ദൈവത്തിനു മനസ ലിവു തോന്നി. ദൈവത്തോട് ധിക്കാര പൂർവ്വം പെരുമാറിയ മനുഷ്യ രോട് ദൈവം കരുണ കാണിക്കുകയാണ്. നഷ്ടപ്പെട്ടവരെ വീണ്ടെ ടുക്കുവാനുള്ള ദൈവത്തിന്റെ പദ്ധതി അവന്റെ കൃപയാൽ അങ്ങനെ തുറന്നു കിട്ടി.

ന്യായപ്രമാണ കാലയളവിൽ തന്നെ ക്രിസ്തുമുഖാന്തരമാണ് കൃപ വെളിപ്പെടുത്തപ്പെട്ടത്. ഇതു കൃപായുഗമാണ് എന്നു പലരും പറഞ്ഞു നിങ്ങളും കേട്ടിരിക്കാം. പക്ഷെ ആ കൃപ ആസ്വദിക്കാൻ നിങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ? കർത്താവിന്റെ രക്ഷാമാർഗ്ഗം കൈക്കൊള്ളാത്ത ആളുകൾ അവർ വിശ്വാസികളാണ് പോലും! എങ്ങനെയാണെന്നു എത്ര ആലോചിച്ചിട്ടും വചനം പഠിച്ചിട്ടും എനിക്ക് മനസിലാകുന്നില്ല. ദൈവത്തിന്റെ വാക്കു കേൾക്കുവാൻ ജനങ്ങൾക്കു സമയമില്ല. അഥവാ കേട്ടാൽ തന്നെ പരിശോധിക്കു വാനുള്ള സന്മനസ് വളരെ അപുർവ്വം പേർക്കേ ഉള്ളു. ദൈവത്തിന്റെ കൃപ നമ്മിലേക്കു വാഗ്ദാന പ്രകാരമുള്ള രക്ഷക്കായി ആഗ്രഹി ക്കുന്ന വ്യക്തികൾ അനുഭവിക്കാൻ പോകുന്ന കൃപ ആത്മാവിന്റെ വളർച്ചക്കു ഉപകാരപ്പെടും.

സകല മനുഷ്യർക്കും രക്ഷാകരമായ ദൈവ കൃപ ഉദിച്ചുവല്ലൊ (തിത്തൊസ് 2:11). മുൻകാലങ്ങളിൽ ജീവിച്ചിരുന്ന പ്രവാചകൻമാർ ഈ കൃപയെ മുൻകൂട്ടി വെളിപ്പെടുത്തിയിരുന്നു. ക്രിയാത്മകവും നിഷേധാത്മകവുമായ രണ്ടു വശങ്ങളെയാണ് കൃപ പഠിപ്പിക്കുന്ന തു. അഭക്തി, മോഹം എന്നിവയാണ് ഉപേക്ഷിക്കേണ്ടതായ ദുർഗു ണങ്ങൾ. ഈ സ്വഭാവങ്ങൾ ക്രിസ്ത്യാനിത്വത്തിനു ഹാനികരമാണ്. ക്രിസ്തീയ സ്വഭാവം ഉൾക്കൊള്ളുന്നവർ ഇതിൽ നിന്നു വേർപെട്ടി രിക്കണം. അതായതു ലോകത്തിന്റെ അഴുക്കും മാലിന്യവും ക്രിസ്തുശിഷ്യരിൽ കാണാൻ പാടില്ല. ലൗകീകരായ ആളുകളുടെ അഭക്തി നിറഞ്ഞ ജീവിതം കാണുമ്പോൾ അവരോടു സംസർഗ്ഗം അരുത്. അവർ സമൂഹത്തിൽ ആരായിരുന്നാലും പ്രശ്നമില്ല. ചേർച്ച

ചേരുന്നതിനോടു മാത്രമേ പാടുള്ളു.

ആത്മാവിനെതിരെ പോരാടുന്ന ജഡത്തിന്റെ രാഗമോഹങ്ങളെ വർജ്ജിക്കണം. നിർമ്മലതയോടും ഭക്തിയോടും നീതിയോടും കുടെ ജീവിക്കുവാനാണ് കൃപ നമ്മെ പഠിപ്പിക്കുന്നത്. നമ്മുടെ വാക്കുകളെക്കാൾ കൂടുതൽ വേഗത്തിൽ സംസാരിക്കേണ്ടത് നമ്മുടെ ജീവിതമാണ്. സ്വീകാര്യമായ കാര്യങ്ങൾ മിതപ്പെടുത്തി പാപസംബന്ധമായ കാര്യങ്ങളെ വിട്ടുകളഞ്ഞു ജീവിക്കേണ്ട ഒന്നാണ് ക്രിസ്ത്യാനിത്വം. നീതിയോടും ഭക്തിയോടും കൂടെ കൂട്ടുകാരനെയും ദൈവത്തെയും സ്നേഹിക്കുക എന്ന മഹത്തായ ആദർശമെന്ന കല്പനകളടങ്ങുന്ന ഒന്നാണ് ക്രിസ്തുവുമായുള്ള ബന്ധം. കൃപയും സത്യവും നമ്മിൽ ഉണ്ടാകുവാൻ ദൈവത്തിന്റെ നീതി സ്വീകരിക്കയാണ് ആവശ്യം.

എവിടെ ജീവിക്കണമെന്നുകൂടെ പഠിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ നാം അധിവസിക്കുന്ന ഭൗതിക ഭൂമിയിൽ കാണുന്ന മനുഷ്യരിൽ ദൈവകൃപ കാണുന്നുണ്ടോ എന്ന ചോദ്യത്തിനു ഇല്ല എന്ന ഉത്തരമാണ് കിട്ടുന്നത്. ക്രിസ്ത്യാനിത്വം ജനിച്ചിരിക്കുന്നത് വിഗ്രഹങ്ങളും മ്ലേച്ഛതകളും നിറഞ്ഞ ലോകത്തിലാണ്. മനുഷ്യരുടെ ചിന്തയിലും അറിവിലും പെട്ട എല്ലാ ദൈവങ്ങളേയും പ്രസാദിപ്പിക്കുകയാണ് ഭൂരിഭാഗം പേരും. സമ്പന്നന്മാരും ദരിദ്രരും അടിമകളും സ്വതന്ത്രരും നിറഞ്ഞതാണ് നമ്മുടെ സമൂഹം. ദുർന്നടപ്പ് പരസ്യമായി ആചരിക്കുന്നു; വിവാഹമോചനം ധൃതഗതിയിൽ വർദ്ധിക്കുന്നു; കുടുംബജീവിതം പലയിടങ്ങളിലും തകർന്നുകൊണ്ടിരിക്കുന്നു. ശിശുഹത്യകളും അത്മഹത്യകളും അസാധാരണ സംഭവങ്ങൾ അല്ലാതായിരിക്കുന്നു. അക്രമാസക്തി ഏതു രാജ്യത്തും വളർന്നു തന്നെയാണ് വരുന്നതു.

ഇങ്ങനെയൊക്കെയാണെങ്കിലും ക്രിസ്ത്യാനിത്വം ഈ ദുഷ്ടലോകത്തിൽ വ്യാപരിക്കുന്നു എന്നു നിസംശയം പറയാം. അസമത്വവും, പാപവും, വിഗ്രഹാരാധനയും നീക്കികളഞ്ഞ് മനുഷ്യരെ ശുദ്ധീകരിക്കുവാനാണ് ദൈവം ക്രിസ്തുവിൽ അവതരിച്ചത് ത്യാഗവും യാഗവും ആയി മാറിയത്. പ്രസംഗവും പരിശീലനവും ദൈവത്തിൽ നിന്നും പ്രാപിച്ചതു നാം അനുകരിക്കുമെങ്കിൽ ദൈവത്തിന്റെ കൃപ ആസ്വദിക്കാൻ പറ്റും എന്നു തീർത്തു പറയട്ടെ. ഈ

ലോകത്തിൽ എങ്ങനെ ജീവിക്കണമെന്നു പറയുന്ന ദൈവകൃപ, വരുവാനുള്ള ലോകത്തിലും എങ്ങനെ ജീവിക്കണമെന്ന് പറയുന്നുണ്ട് (കൊലൊസ്യർ 3:1-4). മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ ക്രിസ്തുവിന്റെ രണ്ടാം വരവ് പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവർക്കു ലഭിക്കുവാനുള്ള പ്രത്യാശയെ കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ആ മഹിമ നിങ്ങൾക്കു വേണ്ടേ?

ഈ ലോകത്തിലാണ് നാം ജീവിക്കുന്നതെങ്കിലും നമ്മുടെ യഥാർത്ഥ പൗരത്വം സ്വർഗ്ഗത്തിലാണ്. നമ്മുടെ ഭൗതികമായ ഈ ശരീരം മാറ്റി മഹത്വമുള്ള ക്രിസ്തുവിന്റെ ശരീരത്തോടു അനുരൂപമാക്കി മാറ്റുവാൻ കർത്താവ് പ്രത്യക്ഷനാകും (ഫിലിപ്പിയർ 3:20,21). ഇവിടെ ഒരു നല്ല ജീവിതം നയിക്കുക മാത്രമല്ല കൃപ ചെയ്യുന്നതു. നമ്മുടെ ഹൃദയം ഭവനത്തിൽ നിന്നും തിരിഞ്ഞ് സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുവാനുള്ള ശ്രമത്തിലായിരിക്കണം. തീരുമാനം ഉറപ്പിക്കുന്നതു ഹൃദയത്തിലാണല്ലോ. നിങ്ങൾ എന്തു നിരൂപിക്കുന്നു എന്നു നിങ്ങൾക്കല്ലേ അറിയൂ. അബദ്ധങ്ങൾ മനസിലാക്കി സത്യത്തിന്റെ മാധുര്യം നുണയുവാൻ തടസമായി നിൽക്കുന്നവയെ പൊട്ടിച്ചെറിയുക.

മനുഷ്യരുടെ ആവശ്യങ്ങൾ എല്ലാം തൃപ്തികരമായി നിറവേറ്റുവാൻ ദൈവ കൃപയിലേക്കുവന്നേ പറ്റു. നാം കൃപയുടെ കാലയളവിലാണ് ജീവിക്കുന്നതെന്നു പറഞ്ഞു പാപത്തിലേക്കു നുഴഞ്ഞിറങ്ങുന്നവർക്കു ദൈവത്തിന്റെ മുന്നറിയിപ്പ് തലയെടുത്തു നിൽക്കുന്നു. "ആകയാൽ കൃപ പെരുകേണ്ടതിനു പാപം ചെയ്തുകൊണ്ടിരിക്കയെന്നോ? ഒരു നാളും അരുതു. നാം മനപൂർവ്വം പാപത്തിൽ തന്നെ ജീവിച്ചാൽ ദൈവത്തെ കോപിപ്പിക്കുകയാണ് ചെയ്യുന്നതു. നമുക്കു ലഭിക്കേണ്ട നന്മയെ നാം തന്നെ അങ്ങനെ തട്ടിക്കളയുകയാണ്.

✶

## ദ്രാക്ഷരസത്തിലെ പിശാച്

### പി. മോഹനൻ ചേനോളി

ഇന്ന് പരിവർത്തനത്തിന്റേതായ ഈ യുഗത്തിൽ നവീകരണ

ത്തിന്റേതായ ഈ യുഗത്തിൽ വളരെയധികം ചർച്ചകൾക്ക് വിധേയ മായിക്കൊണ്ടിരിക്കുന്ന ഒരു വിഷയമാണ് "ലഹരിയുടെ ഉപയോ ഗവും യുവാക്കളും". യുവാക്കൾ തങ്ങളുടെ കർമ്മശേഷിയും ചിന്താ ശക്തിയും മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും മുന്നിൽ അടിയ റവു വയ്ക്കുന്ന കാഴ്ച്ചയാണ് നാമിന്നു കാണുന്നതു. ദൂരവ്യാപക മായ ഭവിഷ്യത്തുകളാണ് ഇതു മൂലം രാഷ്ട്രത്തിനു നേരിടേണ്ടി വരിക.

ധാർമ്മികതയുടെ എല്ലാ വേലിക്കെട്ടുകളും തകർത്തുകളഞ്ഞ ശേഷം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലഹരിയിൽ ആറാടി ലക്കും ലഗാനവുമില്ലാതെ പോകുന്ന ആധുനിക യുവതലമുറയെ ക്കുറിച്ച്. എല്ലാവരും ഉത്ഖണ്ഠാകുലരാണ്. ആൺകുട്ടികളിലാണ് ഇത് കൂടുതലായി കാണുന്നതെങ്കിലും പെൺകുട്ടികളുടെ സ്ഥിതിയും ഇതിൽ നിന്ന് വിഭിന്നമല്ല.

ജിജ്ഞാസയാണ് കൂടുതൽ പേരേയും മയക്കുമരുന്നു ഉപയോ ഗിക്കാൻ പ്രേരിപ്പിക്കുന്നത്. മാന്യതയെക്കുറിച്ചുള്ള തെറ്റായ സങ്കല്പം, അനുകരണഭ്രമം. കുടുംബ സാഹചര്യങ്ങൾ, സാമൂഹിക ചുറ്റുപാടിലുള്ള തകരാറുകൾ എന്നിങ്ങനെയുള്ള പല കാരണങ്ങ ളാലും യുവതലമുറ ലഹരിലോകത്തേക്ക് നയിക്കപ്പെടുന്നുണ്ട്. അതു പോലെ തന്നെ ഓണം, ക്രിസ്തുമസ്, വിഷു തുടങ്ങി വിശേഷാവ സരങ്ങളിൽ കൂട്ടുകാരോടൊപ്പം ഒരു രസത്തിനുവേണ്ടി അല്പം മിനുങ്ങുന്നത് ഇന്നത്തെ ഒരു ഫാഷനായി മാറിയിരിക്കുകയാണ്. അതുകൊണ്ട് തന്നെ ഇത്തരം ആഘോഷങ്ങളുടെ പവിത്രത ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണോ എന്നു സംശയിക്കേണ്ടിയിരിക്കു ന്നു. ഈ ആഘോഷങ്ങൾ തന്നെ എന്തിന്?

വിഷമങ്ങളിൽ നിന്നും ദുരിതങ്ങളിൽ നിന്നും രക്ഷനേടാൻ മദ്യവും മയക്കുമരുന്നും സഹായിക്കുമെന്ന് പരക്കെ ഒരു അന്ധവി ശ്വാസമുണ്ട്. സ്വന്തം പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടാനുള്ള ഈ ശ്രമം സങ്കീർണ്ണമായ പ്രശ്നങ്ങൾ വരുത്തിവെയ്ക്കുകയാണ് ചെയ്യു ന്നത്. ഒരു രാജ്യത്തെ ജനതയെ സാമൂഹിക അരാജകത്വത്തിലേക്ക് നയിക്കുന്ന സാമൂഹ്യവിപത്തുകളിൽ ഒന്നാണ് ഇത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം മനുഷ്യനെ മറ്റു നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കും എന്നുകൂടെ ഓർക്കുക. അതു

കൊണ്ടാണ് “മദ്യപാനം വ്യഭിചാരത്തെക്കാളും മോഷണത്തെക്കാളും ഹീനമാണെന്ന് രാഷ്ട്രപിതാവായിരുന്ന മഹാത്മാഗാന്ധി അഭിപ്രായപ്പെട്ടതു. ആഗോളാടിസ്ഥാനത്തിൽ നോക്കിയാൽ മദ്യവും മയക്കുമരുന്നും മുലമാണ് കുറ്റ കൃത്യങ്ങളിൽ ഏറിയ പങ്കും ഉണ്ടാകുന്നതെന്നു കാണാൻ കഴിയും.

ഹീറോയിൻ, മോർഫിൻ, എൽഎസ്ഡി, കറുപ്പ് എന്നിവ സമൂഹത്തിൽ സുലഭമായി ലഭ്യമാണെന്ന വസ്തുത നമ്മെ വേദനിപ്പിക്കുന്നതാണ്. ലഹരിപദാർത്ഥങ്ങൾക്ക് അടിമയാകുന്നവർ തങ്ങളുടെ കഴിവുകളെ നശിപ്പിക്കുകയാണ്. കുടുംബബന്ധങ്ങൾ ഉലയുകയും ചെയ്യുന്നു. ഒരു വ്യക്തിയുടെ ശരീരം നശിപ്പിക്കുവാൻ അയാൾക്ക് അവകാശമില്ല. സ്വന്ത കുടുംബത്തെ പോറ്റി പുലർത്തുവാനുള്ള ഉത്തരവാദിത്വമില്ലായ്മ അധമപ്രവൃത്തിയാണ്. ഇത്തരം ദൂരവ്യാപകമായ ഭവിഷ്യത്തുകളിൽ നിന്നു നാം രക്ഷപ്പെടേണ്ടതായുണ്ട്. ശരിയായി നമ്മുടെ ബുദ്ധിശക്തി പ്രവർത്തിക്കണമെങ്കിൽ നാം ലഹരിമുക്തമാകണം.

ഈ ദുശീലങ്ങളിൽനിന്നും മോചനം നേടുവാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ട് പരാജയപ്പെട്ട് മരണമടഞ്ഞവർ നിരവധിയാണ്. നിരവധി അമ്മമാരുടേയും ഭാര്യമാരുടേയും കണ്ണുനീർ വീഴുവാനിടയായിട്ടുണ്ട്. ഇവ സാമൂഹ്യ തിന്മയാണെന്നുകൂടെ ഓർക്കണം. സമൂഹം വ്യക്തികളുടെ കൂട്ടമായിരിക്കുമ്പോൾ, ഓരോ വ്യക്തിയും സമൂഹത്തിന് പ്രയോജനമുള്ള ആളാകണം. തെറ്റായ കാഴ്ച്ചപ്പാടുള്ള വ്യക്തികളുടെ പ്രലോഭനങ്ങൾക്ക് വശംവദരാകുന്നത് ദുർബ്ബല മനസുള്ളവരാണ്. ശാരീരിക ഇഛകൾ മനുഷ്യരുടെ സ്വന്ത കഴിവ് ഉപയോഗിച്ച് നിയന്ത്രിക്കുവാൻ സാധ്യമല്ല. അതിന് ദൈവസഹായം അത്യാവശ്യമാണ്. അദൃശ്യനായ ദൈവം എങ്ങനെ മനുഷ്യനെ സഹായിക്കുമെന്ന് ചിന്തിക്കുന്നവർ കണ്ടേക്കാം. ദൈവം ഇന്ന് പ്രവർത്തിക്കുന്നത് തന്റെ ശക്തിയുള്ള വചനം മുഖാന്തരമാണ്. ജഢത്തിന്റെ അഭിലാഷങ്ങൾ ആത്മാവിനും ആത്മാവിന്റെ അഭിലാഷങ്ങൾ ജഢത്തിനും വിരോധമാണ്. നല്ല ശീലങ്ങൾ വളർത്തിയെടുക്കുവാൻ ഓരോരുത്തരും എന്തു ചെയ്യണമെന്ന് ദൈവം കൽപിച്ചിരിക്കുന്നു.

മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിട്ടുള്ളവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിൽ മനുഷ്യർക്കു പങ്കുവഹിക്കാൻ കഴിയുക

വിദഗ്ദമായ ഒരു സൈക്കോതെറാപ്പിസ്റ്റിനാണ്. വ്യക്തിയുടെ താൽപര്യം ഈ വക വസ്തുക്കളിൽ നിന്നും മാറ്റി മറ്റൊന്നിലേക്ക് ആകർഷിക്കാൻ കഴിഞ്ഞാൽ അവരെ ഇതിൽ നിന്നും മോചിപ്പിക്കാൻ കഴിയും. ഇതിന് ഒന്നാമതായി ശരീരത്തിന്റെ അടിമത്തം തടയണം. അതിനു സഹായകരമായ ഔഷധങ്ങൾ ഇന്ന് ലഭ്യമാണ്. രണ്ടാമതായി വ്യക്തിയുടെ മാനസികാവസ്ഥയിൽ ഈ വസ്തുക്കൾക്കെതിരായി ചലനങ്ങൾ സൃഷ്ടിക്കണം. ഇതിന് മനഃശാസ്ത്രപരമായ സമീപനം ആവശ്യമാണ്. ഇതിനേക്കാളുപരി ദൈവ കൃപയും.

മനുഷ്യരെ ദൈവികപാതയിലേക്ക് നടുത്തുവാൻ ദൈവം മനുഷ്യരെയാണ് ഉപയോഗിക്കുന്നത്. അതിനാണ് ദൈവം തന്റെ ജനത്തെ നിയോഗിച്ചിരിക്കുന്നത്. സത്യത്തിന്റെ പരിജ്ഞാനത്തിലെത്തിയവർ അതു മറ്റുള്ളവരെ അറിയിക്കണം. സമൂഹത്തെ നശിപ്പിക്കുന്ന മദ്യത്തിനും മയക്കുമരുന്നിനുമെതിരെ സന്ധിയില്ലാത്ത സമരം നാം അഴിച്ചുവിടണം. സമൂഹത്തിൽ മദ്യപാനികളുടെ സ്ഥാനം നാം എടുത്തു മാറ്റണം. മദ്യരാക്ഷസന്മാരുടെ രഹസ്യ സങ്കേതങ്ങളിൽ അരങ്ങേറുന്ന പൈശാചിക പ്രവണതകൾക്കെതിരെ നമ്മുടെ തൂലികകൾ ചലിപ്പിക്കണം. സാഹിത്യത്തിന്റെ കനത്ത കൂരമ്പുകൾ അവർക്കു നേരെ തിരിയണം. ജനങ്ങൾക്കിടയിൽ മദ്യപാനത്തിന്റെ ദൂഷ്യഫലങ്ങളെ മനസ്സിലാകത്തക്ക വിധം ബോധവത്കരണം നടത്തണം. അങ്ങനെ സമൂലമായ വിപ്ലവത്തിന്റെ കാഹളധ്വനികൾ പുറത്തു വരുമ്പോൾ എല്ലാം സാവധാനത്തിൽ കെട്ടടങ്ങുവാൻ തുടങ്ങും.

മനുഷ്യന് ജീവിക്കാൻ അവകാശമുണ്ട്. പക്ഷെ മരിച്ച് ജീവിക്കാനും മറ്റുള്ളവരെ അതിലേക്ക് വലിച്ചിഴയ്ക്കാനും അവകാശമില്ല. വിശ്വമഹാകവിയായ ഷേക്സ്പിയറുടെ വാക്കുകൾ ബോധപൂർവ്വം മനസ്സിൽ സംഗ്രഹിക്കാം "ദ്രാക്ഷാരസത്തിൽ ഒളിഞ്ഞിരിക്കുന്ന അല്ലയോ അദൃശ്യസത്യമേ, നിനക്കു ഞാൻ ഉചിതമായ ഒരു ഓമനപേരു നൽകാം, നിന്നെ ഞാൻ പിശാച് എന്നു വിളിക്കട്ടെ".

കൂട്ടുകാരാണ് തങ്ങളെ ഈ കുടുക്കിൽ പെടുത്തിയതു എന്നു മദ്യ പാനികളിൽ ചിലർ പറയാറുണ്ട്. നിങ്ങളുടെ മനസിനെ മറ്റൊരു വ്യക്തിക്കും നിങ്ങൾ അടിയറവ് വെക്കരുത്. ദൈവത്തിനു നിങ്ങളുടെ മനസിനെ സമർപ്പിക്കാം. അങ്ങനെ ചെയ്താൽ നിങ്ങളെ നിയ

ന്ത്രിക്കുകയും നടത്തുകയും ചെയ്യുവാൻ അവൻ തയ്യാറാകും. "ഞാൻ അത് നിർത്താൻ പലതവണ ഒരുങ്ങിയതാണ്; പക്ഷെ കഴിഞ്ഞില്ല" എന്നു പറയുന്നവരുണ്ട്. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും. മനസൊരുക്കം വേണം. അതു നിർത്തുവാൻ നിങ്ങളുടെ മനസിനെ മാറ്റേണ്ടതു നിങ്ങളാണ്, തീരുമാമെടുക്കേണ്ടതു സ്വയമായിട്ടാണ്.

കഠിനാദ്ധ്വാനികളായ പലരും അവരുടെ അദ്ധ്വാന ഫലം മുഴുവനും മദ്യം ഉപയോഗിക്കുന്നതിനു ചെലവിടുന്നു. തൻ നിമിത്തം കുട്ടികൾ, ഭാര്യ തുടങ്ങിയ കുടുംബാംഗങ്ങൾ പലപ്പോഴും പട്ടിണി കിടക്കുന്നു. കുടുംബ ദ്രോഹികളായ ഇവർ ചെയ്യുന്ന പ്രവൃത്തിയുടെ ക്രൂരമായ അനുഭവം എത്രയോ പേരെ ആത്മഹത്യ ചെയ്യിച്ചിട്ടുണ്ട്. അതിനു വേദനിക്കുന്ന ഹൃദയവുമായി ആയിരക്കണക്കിനു സ്ത്രീകളും കുട്ടികളും ഇതു തങ്ങളുടെ വിധിയായി കണക്കാക്കുന്നു. നമ്മുടെ കായിക ശേഷിയെയും മനക്കരുത്തിനേയും ദുർബ്ബലപ്പെടുത്തുന്ന യാതൊന്നും നമ്മിൽ ഉണ്ടാകരുതു.

അന്യായം ചെയ്യുന്നവർ, മദ്യപാനികൾ ഇവർക്കാർക്കും ദൈവരാജ്യത്തിൽ പ്രവേശനമില്ല. പാപസംബന്ധമായ ഈ കൃത്യം നിങ്ങൾ ഉപേക്ഷിച്ച് മനുഷ്യർക്കു ഉപകാരം ലഭിക്കുന്ന നന്മ പ്രവൃത്തികളിൽ ഉൾപ്പെടുക. ശരീരത്തേയും മനസിനേയും ആത്മാവിനേയും ഒരുപോലെ നശിപ്പിക്കുന്ന ലഹരി ഒരിക്കലും ഉപയോഗിക്കുകയില്ല; മറ്റുള്ളവർക്കു കൊടുക്കുകയുമില്ല എന്നു നമുക്കു ഒരു പ്രതിജ്ഞ എടുക്കാം. അതു പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്യാം.

★

സ്ത്രീകൾക്കു വേണ്ടി

## വലിയമ്മയാവുക

### ബെറ്റി. ബി.സി

അമ്മുമ്മ എന്ന അവസ്ഥാ വിശേഷത്തിലെത്തിയവർക്കു അറിയാം കൊച്ചു മക്കളോടുള്ള പ്രത്യേകത. വാർദ്ധക്യാവസ്ഥയിലേക്കു ലോകം എത്താതെ യുവത്വത്തിന്റെ പ്രകാശധാരയിൽ തന്നെ തിളങ്ങി നിൽക്കുന്നതിന്റെ രഹസ്യം മറ്റൊന്നുമല്ല. കുട്ടികളെ നോക്കി പലരും പ്രസംഗിക്കാറില്ലേ? നാടിന്റെ നട്ടെല്ലാണ് അവർ ഭാവിയുടെ

വാഗ്ദാനങ്ങളാണ് എന്നെല്ലാം. ആ തത്വങ്ങളെല്ലാം നാം ശരിയായി നമ്മുടെ കുടുംബങ്ങളിലേക്കു തന്നെ നോക്കിയാൽ കാണാം.

കൊച്ചുമക്കളെ വഷളാക്കുന്നതു മുത്തച്ഛന്മാരും മുത്തച്ഛിമാരും ആണെന്ന പ്രസ്താവനയിൽ അല്പമെങ്കിലും വാസ്തവം കടന്നു കൂടിയിട്ടില്ലേ എന്നു എനിക്കും സംശയമുണ്ട്. അവരെത്തന്നെ കുറ്റപ്പെടുത്തുന്നതിലും കാര്യമില്ല.

ക്രിസ്ത്യാനിയായ അമ്മൂമ്മ തന്റെ സ്വാധീനത്തിൻ കീഴിലുള്ള പുതിയ തലമുറയെ എങ്ങനെ കൈകാര്യം ചെയ്യും? അവരുടെ ആഗ്രഹങ്ങളെല്ലാം നിറവേറ്റിക്കൊടുക്കുമോ അതോ അസഹനീയമായ അവരുടെ സ്വഭാവം കണ്ടും കേട്ടും മടുത്തു കഴിഞ്ഞ് അവരുടെ മാതാപിതാക്കളെ ഏല്പിച്ച് നീണ്ട നെടുവീർപ്പിട്ട് ആശ്വസിക്കുമോ?

അമ്മുമ്മ എന്ന പദത്തിൽ തന്നെ വാർദ്ധക്യത്തിന്റെയും, വിചാരത്തിൽ പക്വതയുടേയും ജ്ഞാനത്തിന്റേയും ക്ഷമയുടേയും ധ്വനി നമുക്കു ദർശിക്കാം. ഇവയെല്ലാം കാലം കടന്നുപോകുമ്പോൾ അനുഭവങ്ങളിലൂടെ ക്രിസ്തീയ സ്വഭാവത്തിന്റെ മേന്മയിലെത്തുന്നവയാണ്. തന്റെ സ്വന്ത കുട്ടികളെ വളർത്തിക്കൊണ്ടു വരുമ്പോൾ ഉണ്ടായിരുന്ന സ്വഭാവത്തിൽ നിന്നും വളരെ ദൂരം പിന്നിട്ട ഒരു സ്ഥിതിയിലേക്കു അവർ ക്രിസ്ത്യാനിയായി തീർന്ന ശേഷം മാറുന്നു.

“ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക വൃദ്ധനായാലും അവൻ അതു വിട്ടുമാറുകയില്ല” (സദൃശവാക്യങ്ങൾ. 22:6).

തിമൊഥെയോസ് എന്ന പേരിൽ ഒരു ക്രിസ്ത്യാനി ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. അവന്റെ വലിയമ്മ ലോവീസിൽ നിന്നും അമ്മ യൂനിക്കയിൽ നിന്നും ദൈവത്തെക്കുറിച്ച് കേട്ടു പഠിച്ച ഒരു വലിയ വിശ്വാസിയായിരുന്നു അവൻ. ബാല്യം മുതൽ ദൈവവചനത്തിൽ പഠനം ലഭിച്ചവനായിരുന്നു തിമൊഥെയോസ് എന്ന് 2തിമൊഥെയോസ് 3:15-ാം വാക്യത്തിൽ പറയുന്നു. എത്ര മനോഹരമായ നിമിഷങ്ങളായിരുന്നിരിക്കണം അവൻ തന്റെ വലിയമ്മയുമൊത്ത് ചില വഴിച്ചിരുന്നത്. അബ്രഹാം, ഐസക്, യാക്കോബ്, മോശ, നോഹ, ദാവീദ് തുടങ്ങി എത്ര എത്ര ഹൃദയ സ്പർശിയായ വ്യക്തിത്വങ്ങളെ തിരുവെഴുത്തിൽ നിന്നും അവരുടെ ജീവിതത്തിൽ നിന്നും അവനു പഠിക്കാൻ കഴിഞ്ഞു. അവരുടെ ജീവിതത്തിലൂടെ വിശ്വാസവും അനുസരണവും എന്തു എന്നു അവൻ പഠിച്ചു.

തീത്തൊസ് 2:4 ൽ വലിയമ്മമാർക്കു കൊച്ചു മക്കളോടു ചെയ്യാവുന്ന സഹായകരമായ ചില നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. യൗവനക്കാരത്തികളായ സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ സ്നേഹിക്കേണ്ടതിനു അവരെ ശീലിപ്പിക്കണം മക്കളെ സ്നേഹത്തിൽ വളർത്തേണ്ടതിനും അവരെ പഠിപ്പിക്കണം. 'സ്നേഹം' എന്നതു വൈകാരികമായി ഒരാൾക്കു മറ്റൊരാളോടു ഉണ്ടാകുന്ന അടുപ്പമായി പലരും ധരിച്ചു വെച്ചിരിക്കയാണ്. മറ്റൊരാളുടെ അഭ്യുദയത്തെ ലക്ഷ്യമാക്കി ആവ്യക്തിക്കുവേണ്ട നന്മ പ്രവർത്തിക്കുക എന്നതാണ് സ്നേഹം.

പ്രായം ചെന്ന സ്ത്രീകൾക്ക് അവരുടെ ജീവിതത്തിന്റെ ഏടുകളിൽ കുടുംബ ബന്ധങ്ങളിൽ അനുഭവപ്പെട്ട ശേഖരങ്ങളിൽ തെറ്റുകളും ശരികളും അനവധി കാണും അങ്ങനെ പഠിച്ച കാര്യങ്ങൾ യുവതലമുറക്കു പകർന്നു കൊടുക്കാൻ സാധിക്കും. അവരുടെ ബുദ്ധിയും വിവേകവും ജ്ഞാനവും മറ്റും മികവുറ്റവയാണെന്നു കണ്ടെത്താം. ആലോചന ഒന്നുകൊണ്ടും മോശമാകയില്ല. ഏതു കാര്യത്തിലും കുട്ടികൾക്ക് നേർവഴി ചുണ്ടിക്കാണിക്കുന്നതിനു അമ്മുമ്മമാർക്കു കഴിയും. അതിനുള്ള ക്ഷമ നേടിയെടുക്കണമെന്നു മാത്രം.

യൗവനക്കാരത്തി ഭാര്യമാരെ അവരുടെ ഭർത്താക്കന്മാരെയും കുഞ്ഞുങ്ങളേയും സ്നേഹിക്കാൻ പഠിപ്പിച്ചാൽ, ആ സ്നേഹം അവർ ശരിയായി പ്രയോഗിച്ചാൽ. ഒരു ഉറപ്പുള്ള ഭവനത്തിനു അടിത്തറപാകാൻ അങ്ങനെ കഴിയും. കുട്ടികൾ ശിക്ഷണത്തിൽ വളർന്നില്ലെങ്കിൽ തെറ്റിപ്പോകാൻ ഇടയുണ്ട്. അവരുടെ ബലഹീനതകളും സംസാരത്തിലും പ്രവൃത്തിയിലും വർദ്ധിച്ചു വരുന്ന വൈകല്യങ്ങൾ ഇവ കണ്ടിട്ടും കണ്ണടക്കുന്ന രക്ഷകർത്താക്കളെ നിലക്കു നിർത്താനും വേണ്ട നിർദ്ദേശം വേണ്ടപ്പോൾ കൊടുക്കാനും പ്രായമായവർക്കു കഴിയും. ചിലപ്പോൾ കുട്ടികൾക്ക് അതിലാളനവും മറ്റു ചിലപ്പോൾ കർശന ശിക്ഷയും കൊടുക്കുന്നതു കാണാം. മിതമായ ശിക്ഷണവും ആവശ്യമുള്ളപ്പോൾ പരിമിതമായ വാത്സല്യവും ഒത്തിണങ്ങികൊടുക്കാൻ ശ്രദ്ധിക്കണം. അടുത്ത സമയം അവരുടെ ആത്മീയവും ഭൗതീകവുമായ ആവശ്യങ്ങൾ മനസിലാക്കുകയും വേണം. മുഖപക്ഷം അവർക്കിടയിൽ ഉണ്ടാകരുത്. അതു ചിലരെ അസൂയാലുക്കളും മറ്റുള്ളവരെ അലസരും ആക്കി മാറ്റും.

*Watch!*

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

ഉപദേശം കൊടുക്കുമ്പോൾ വലിയമ്മമാർ ശ്രദ്ധിക്കേണ്ട കാര്യം ഈ പ്രായത്തിൽ അവർ എങ്ങനെയായിരുന്നു എന്നു ഓർമ്മിക്കുന്നതു നന്നായിരിക്കും. ഒരു ഭാര്യ എന്ന നിലയിൽ ഞാൻ എങ്ങനെയായിരുന്നു ? അമ്മയായി തീർന്നപ്പോൾ ഞാൻ ഏതു തരക്കാരിയായിരുന്നു? അതേ മാർദ്ദവത്തോടും ദയവോടും കൂടെ വേണം മുതിർന്നവരോടു പെരുമാറുവാൻ. അതേ സ്വഭാവം നാം കുട്ടികൾക്കും കൊടുക്കേണ്ടേ? തീർച്ചയായും വേണം.

ശരിയായ കാഴ്ച്ചപ്പാടു വെച്ച് നോക്കിയാൽ, കുട്ടികൾക്കു ആവശ്യമായ അധിക സ്നേഹവും ശ്രദ്ധയും ചിലപ്പോൾ വലിയമ്മമാർക്കും നല്കുവാൻ കഴിയും. അവളുടെ മാതൃകാക്ഷമയും, ഇന്ദ്രിയജയവും ദൈനന്തിന പ്രശ്നങ്ങളെ നേരിടുവാനുള്ള തന്മയത്വവും അവരെ പഠിപ്പിക്കുമ്പോൾ അവർ സൽഗുണ പൂർണ്ണരായി മാറും. കുട്ടികളിൽ ദൈവീക ബഹുമാനവും സത്യത്തോടുള്ള പ്രതിബദ്ധതയും അവരുടെ വാക്കുകളിൽ നിന്നും കിട്ടും. വലിയമ്മമാർ അവരുടെ കൈകൾക്കു ചുറ്റുമുള്ള കുട്ടികൾക്കു മധുരിക്കുന്ന ഓർമ്മകളും ആത്മീയ ചൈതന്യവും കരുതലും എന്നെന്നും അവർ മായാമുദ്രകളും ആയിരിക്കും.

ഓരോ സ്ത്രീയുടേയും വില എത്രമാത്രമുണ്ട് എന്ന് എല്ലാവരും തിരിച്ചറിയണം. കാരണം കുട്ടികളെ പ്രാരംഭ ഘട്ടം മുതൽ അവർ അറിയേണ്ടതും പഠിക്കേണ്ടതുമായ കാര്യങ്ങൾ അറിയുന്നത് വീട്ടിലെ പ്രായമായ സ്ത്രീകളിൽ നിന്നാണ് എന്ന് ഓർക്കുക. അവർ തങ്ങളുടെ കർത്തവ്യം നിറവേറ്റിയില്ലെങ്കിൽ, അവരുടെ വീട്ടിൽ നിന്നും പുറത്തു കടക്കുന്ന കുട്ടികൾ പുറത്തുനിന്ന് ലഭിക്കുന്ന അറിവുകൾ വിശ്വസിക്കും. അങ്ങനെ പോകുന്നത് അവർക്കുതന്നെ ആപത്തായി തീരും. കുട്ടികളെ വളർത്തുന്ന ഓരോരുത്തരും അവരിൽ അശുദ്ധമായ ചിന്തകൾ, ആവശ്യമില്ലാത്ത അറിവുകൾ എന്നിവ വരാതെ നോക്കണം.

അങ്ങനെയായാൽ ആ കുട്ടികൾ വളർന്നുവരുമ്പോൾ യഥാർത്ഥ ദൈവമക്കളായി ജീവിക്കും.സത്യസന്ധതയും ആത്മാർത്ഥതയും ഉള്ള ഒരു തലമുറയെ വാർത്തെടുക്കേണ്ട ഉത്തരവാദിത്വം അമ്മമാരിലും വല്യമ്മമാരിലും സ്ഥിതിചെയ്യുന്നു.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

Reg. No. K.Dis. 90095/86/A8. Reg. No. KL / TV (N) 22/2012-15

*Join us to worship God in Spirit and Truth*
*The*

**CHURCH OF CHRIST**

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378